Detroit
Malayalee
Association

www.dmausa.org

# DHWANI



# ധ്വനി

Vol. 15 | Issue -02 | December 2022


Michigan Malayalee - 2013
Since 18 Years
National Groceries
Indian Cuisine
Catering & Carry out of your needs
33148 Ryan Road,
Sterling Heights, MI, 48120
Phone: 586-268-8225
Weekend Buffet & Banquet Hall Available




**OFFICE BEARERS**

*President :* **Osborne David**
*Vice President :* **Sunil Paingol**
*General Secretary :* **Dinesh Lakshmanan**
*Joint Secretary :* **Krishnakumar Nair**
*Treasurer :* **Diaz Thomas**
*Joint Treasurer :* **Krishnaraj Udayachalam**

**BOT**

*Chairman :* **Mohan Panangavil**
*Vice Chairman :* **Sudarsana Kurup**
*Secretary :* **Manoj Jaiji**
*Current President :* **Osborne David**
*Ex-Officio :* **Noble Thomas**

**EDITORIAL BOARD**

*Chief Editor:* **Saijan Kaniyodikal**
**Thomas Karthanal, Shalini Jayaprakash**
**Prince Abraham, Ajith Ayampilly**
*Chief Illustrator:* **Deva Prakash**

**WOMEN'S FORUM**

*President :* **Sarita Nair**
*Secretary :* **Raji George**

**YOUTH FORUM**

*Chair Person :* **Jerusha Manoj**
*Vice Chair Person :* **Aditya Kutty**

**Executive Committee**

Abhilash Paul, Ajith Ayyampilly
Antony Manalel, Biju Joseph
Boby Thomas, Brijesh Gopalakrishnan
Charls Thomas, George Vannilam
Gigi Paul, Jose Lukose
Jules George, Justin Varghese
Libin John, Madhu Nair
Manoj Jaiji, Mathews Cheruvil
Mohan Panangavil, Noble Thomas
Noble Thomas, Paul Kuriakose
Pradeep Srinivasan, Praveen Nair
Prasant Chandrasekhar, Prince Abraham
Rajesh Kutty, Rajesh Nair
Rojan Thomas, Saijan Joseph
Sajan Elengikal, Sam Mathew
Sandeep Palakkal, Sanju Koithara
Sreekumar Kambath, Sudarsana Kurup
Surendran Nair, Thomas Karthanal
Vinod Kondoor




# CONTENT


**President's Message**. .......... 02
*Osborne David.*

*എഡിറ്റോറിയൽ.* .......... 03
**നാനാത്വത്തിൽ ഏകത്വം**
*Saijan Kaniyodikal*

**എന്റെ നക്ഷത്രം.** .......... 04
*അരുൺലാൽ മൊകേരി*

**DMA's Journey for the Year of 2022**
**Secretary's Report**. .......... 05
*Dinesh Lakshmanan*

**കുമാരേട്ടൻ.** .......... 17
*രവി വാര്യത്ത്*

**പ്രതീക്ഷ.** .......... 23
*പാർവ്വതി കിരൺ*

*ബുക്ക് റിവ്യൂ:* **യൂദാസിന്റെ സുവിശേഷം.** .......... 32
*ഗിരിജാവാര്യർ പാലക്കാട്*

**DMA DHWANI FALL PHOTOGRAPHY**
**CONTEST WINNERS.** .......... 36

**ഹിമക്കരടി മയങ്ങുന്ന പുഷ്പ താഴ്വര.** .......... 37
*കെ ആർ അജയൻ*

**കാനന തപസ്വി** .......... 41
*ജെ. സി ജെ. ന്യൂയോർക്ക്*

**DMA CHARITY REPORT 2022 –** JANUARY - DECEMBER. .......... 42
*Sudarsana Kurup*

**സ്വത്വം....** .......... 45
*നവീന പുതിയോട്ടിൽ*

**ക്രിസ്മസ് പ്ലം കേക്ക്** . .......... 47
*ലീന ജോൺ*



# President's Message

As another wonderful year comes to a close, I cannot help but reminisce all the great things we have accomplished as an organization.

We started off this year with the pandemic forcing us to be isolated and indoors, the pandemic fatigue was starting to make rational decisions challenging. Yet, as a community we were able to overcome that and now able to meet family and friends, and spend holidays together. I do hope we continue along this path and bring back some semblance of normalcy.

The hard-working Executive Committee, Women's forum, Board of Trustees and Youth forum members helped with:Volunteering at soup kitchens, helping members of our community when they had nowhere else to turn, donating winter coats to help the less fortunate, providing financial aid to people with medical conditions in Kerala and Michigan, donating food cans to Gleaners, cleaning trash from roadside, awarding scholarships to 3 deserving college freshmen, just to namea few.

In addition, we had a memorable Onam celebration where we served delicious Onam sadya on a banana leaf to over 500 people followed by an exhilarating musical performance by Sithara, Job and Harish to a sold-out show, conducted DMA Tech Day to introduce middle and high schoolers to technology and programming, hosted the summer picnic and the winter Christmas celebrations.

But none of these would have been possible without the ever loyal and continuing support of our sponsors, to whom we are forever grateful. Last but not least, a huge thank you all the DMA members who put your trust in us and came out in droves to support us.

I am honored to have served as the President of DMA this year and thank you all for trusting me with this responsibility. I do wish the 2023 Office Bearers team the best of luck. On behalf of the 2022 Office Bearers, I want to once again thank you all for your continued support and wish you all a Merry Christmas, Happy Holidays and a Sparkling New Year!!

Go Malayalee! Go DMA!

**Osborne David**



എഡിറ്റോറിയൽ

# നാനാത്വത്തിൽ ഏകത്വം

ജവാഹർലാൽ നെഹ്റുവിന്റെ കാലത്തും അദ്ദേഹത്തിന്റെ ആശയങ്ങൾ ചോദ്യം ചെയ്യാതെ തുടർന്ന കാലത്തും എന്താണ് ഇന്ത്യയുടെ കാതലെന്ന ചോദ്യത്തിനുത്തരം 'നാനാത്വത്തിൽ ഏകത്വം' ആണെന്നു നിസംശയം പറയുവാൻ നമുക്ക് കഴിയുമായിരുന്നു. യുണൈറ്റഡ് സ്റ്റേറ്റ്സ് നിലവിൽ വന്ന കാലംമുതൽ അവരുടെ ആപ്തവാക്യമായി സ്വീകരിച്ച 'e pluribus unum' എന്ന വാക്യത്തിന്റെ അർഥവും ഇതുതന്നെയാണ്. മതത്തിന്റെ അടിസ്ഥാനത്തിൽ നടന്ന വിഭജനത്തിന്റെ ഭീകരതയ്ക്കുശേഷം ഉടലെടുത്ത ഇന്ത്യയിൽ ജനങ്ങൾ പല ഭാഷകൾ സംസാരിച്ചിരുന്നു; പല വിശ്വാസങ്ങൾ വച്ചുപുലർത്തിയിരുന്നു. അവർക്കു ശാന്തമായ ജീവിതം നയിക്കാൻ ഇതുപോലൊരാശയത്തിന്റെ ആവശ്യമുണ്ടായിരുന്നു. 2022 അവസാനിക്കുന്ന ഈ ദിവസങ്ങളിൽ ആ മന്ത്രത്തെ നിശ്ശബ്ദമാക്കാനുള്ള ശ്രമങ്ങൾ വളരെയധികം ശക്തിപ്പെട്ടിരിക്കുന്നു.

ഇൻഡ്യയുടെ ജനാധിപത്യത്തിന്റെ ഇളകാത്ത തൂണുകളിലൊന്നായി നാം കണ്ടിരുന്ന മതനിരപേക്ഷത ഭീഷണി നേരിടുകയാണോ എന്ന ചോദ്യം ഉയരുകയാണിപ്പോൾ. സമുദായങ്ങൾ തമ്മിൽ ഭിന്നത വളർത്താൻ ബോധപൂർവമായ ശ്രമങ്ങളുണ്ടാകുമ്പോൾ, പുരോഗതി കാംക്ഷിക്കുന്ന ഏതു ജനാധിപത്യരാജ്യവും ആലോചിക്കേണ്ട ചില പ്രശ്നങ്ങളുണ്ട്. ഭിന്നത വളർത്തിയുണ്ടാക്കുന്ന രാഷ്ട്രീയനേട്ടങ്ങൾ രാജ്യത്തിനു ഗുണകരവും ശാശ്വതവുമല്ല. അതു നമ്മുടെ രാഷ്ട്രസങ്കൽപത്തിനും ഇന്ത്യയെന്ന ആശയത്തിനുതന്നെയും ഭീഷണിയാണ്. മതവിഭാഗങ്ങളുടെ ആഘോഷങ്ങൾ അലങ്കോലപ്പെടുത്താനുള്ള ശ്രമങ്ങൾ, സമുദായങ്ങൾ തമ്മിൽ സ്പർധ വളർത്താൻ മാത്രം ഉപകരിക്കുന്ന വിദ്വേഷ പ്രസംഗങ്ങൾ, ഭക്ഷണത്തിന്റെ പേരിലുൾപ്പെടെയുള്ള അകറ്റിനിർത്തലുകൾ ഇങ്ങനെ പലവിധ രീതിയിൽ രാജ്യത്തിന്റെ സാമൂഹിക അന്തരീക്ഷം കലുഷിതമാക്കപ്പെടുന്നുണ്ട്.


രാജ്യത്തിന്റെ അഖണ്ഡത എന്നതു രാഷ്ട്രത്തിന്റെ പൊതുമനസ്സിന്റെ അഖണ്ഡതകൂടിയാണെന്ന് ഓർക്കുന്നതു നല്ലതാണ്. ആ മനസ്സിൽ വിള്ളലുകളും വിഭജനവും ഉണ്ടാക്കാനുള്ള നീക്കങ്ങൾ തടയേണ്ടത് ഇന്ത്യൻ ജനത, പ്രത്യേകിച്ച് മലയാളി എന്ന മഹനീയ സംജ്ഞയിൽ അഭിമാനിക്കുകയും ജനാധിപത്യത്തിൽ വിശ്വസിക്കുകയും ചെയ്യുന്ന നാം ഓരോരുത്തരുടെയും ഉത്തരവാദിത്തമാണ്.


ഓർമകൾക്ക് സുഗന്ധവും കാഴ്ചകൾക്ക് തിളക്കവും മനസ്സിന് മധുരവും സമ്മാനിക്കുന്ന, മനോഹരമായ മഞ്ഞിന്റെ കുളിരും, നക്ഷത്രങ്ങളുടെ തിളക്കവും പുൽക്കൂടിന്റെ പുതുമയും, തിരുപ്പിറവിയുടെ, വഴികാട്ടിയായ വാൽനക്ഷത്രവും മനസ്സിൽ നിറഞ്ഞു നിൽക്കുന്ന ഈ ക്രിസ്തുമസ് കാലം അതിനൊരു തുടക്കമാവട്ടെ.

പുതിയ പ്രതീക്ഷകളുടെയും പ്രതിജ്ഞകളുടെയും നല്ല നാളുകളാണ് പുതുവർഷം. മുൻവർഷത്തെ നല്ല അനുഭവങ്ങളെ മനസിൽ നിലനിർത്തി, മോശമായവയെ തുടച്ചുനീക്കാനാണ് മലയാളികൾ ഉൾപ്പെടെ ഓരോ ജനങ്ങളും ശ്രമിക്കുന്നത്. 2023 നന്മയുടെ നല്ല നാളുകൾ സമ്മാനിക്കട്ടെ. സന്തോഷത്തിന്റെയും ശാന്തിയുടെയും പുതുവർഷത്തുടക്കത്തിൽ പ്രിയപ്പെട്ടവർക്ക് ധ്വനി ടീമിന്റെ ആശംസകൾ!

**Saijan Kaniyodikal**


രാജ്യത്തിന്റെ അഖണ്ഡത എന്നതു രാഷ്ട്രത്തിന്റെ പൊതുമനസ്സിന്റെ അഖണ്ഡത കൂടിയാണെന്ന് ഓർക്കുന്നതു നല്ലതാണ്.





# എന്റെ നക്ഷത്രം

**നി**ന്റെ കിനാവുകളുടെ
മെലിഞ്ഞ വള്ളിയിൽ
ഞാൻ ഞാത്തിയിടുന്നു
എന്റെ ക്രിസ്മസ് നക്ഷത്രം
അതിൽ, പുഴകൾക്കും
പട്ടണങ്ങൾക്കും മീതെ നിന്ന്
നമ്മളെ നോക്കിയ സന്ധ്യയുടെ
തുടുത്ത വെളിച്ചം കാണൂ.
അതിന്റെ ചായ്‌വിൽ നിന്ന് ഏൽക്കൂ,
പച്ചമരത്തണലിന്റെ സ്വസ്തി;
കടൽക്കാറ്റിന്റെ വീർപ്പ്;
നെറ്റിയിൽ വീണ ഒരുമ്മയിലെ ഉപ്പ്
തീണ്ടാരിച്ചോരയുടെ ഉയിര് പറിച്ചുള്ള കുതിപ്പും
തീയതി തീരുന്ന കലണ്ടറിന്റെ കിതപ്പും
ഉടലുകളിൽ മറുകുകളായ് ഊറി നിറയുന്ന മദപ്പാടും
രാത്രികളെ നെടുകെ കീറുന്ന തീവണ്ടിച്ചൂളവും
ഉള്ളിൽ പേറുന്ന എന്റെ ക്രിസ്തുമസ് നക്ഷത്രം,
ആയിരം ആദിത്യപാതകൾ ഞരമ്പിടുന്ന
അത്രയും കിനാവുകളെ ഗർഭം പേറുന്ന
കവിത തിര കുത്തുന്ന ഒരു കൂറ്റൻ ഹൃദയം.
അതിന്റെ ചോട്ടിൽ വന്ന്
നമ്മൾ കൊണ്ട വെയിലും
നമ്മൾ കണ്ട കടലും, കാടും
പുലരുവോളം പൊഴിയുവോളം എടുക്കൂ!



**അരുൺലാൽ മൊകേരി**

കവി, വിവർത്തകൻ. മൊകേരി
ഗവൺമെന്റ് കോളേജിൽ
ഇംഗ്ലീഷ് പ്രൊഫസ്സർ

## SECRETARY'S REPORT

# DMA's Journey



**Dinesh Lakshmanan**


## OFFICE BEARERS


Osborne David
*President*


Dinesh Lakshmanan
*General Secretary*


Diaz Thomas
*Treasurer*


Sunil Paingol
*Vice President*


Krishnakumar Nair
*Joint Secretary*


Krishnaraj Udayachalam
*Joint Treasurer*


## WOMEN'S FORUM


Sarita Nair
*President*


Raji George
*Secretary*


## YOUTH FORUM


Jerusha Manoj
*Chair Person*


Aditya Kutty
*Vice Chair Person*

## BOARD OF TRUSTEES


Mohan Panangavil
Chairman


Sudarsana Kurup
Vice Chairman


Manoj Jaiji
Secretary


Osborne David
Current President


Noble Thomas
Ex-Officio

## EXECUTIVE COMMITTEE


Abhilash Paul


Ajith Ayyampilly


Antony Manalel


Biju Joseph


Boby Thomas


Brijesh Gopalakrishnan



Charls Thomas


GREAT SUSHI.
GREAT CAUSE.
ROLLED
INTO ONE.
Every purchase feeds one orphan.
ANU
SUSHI
ANUSUSHI.COM


Diaz Thomas


Dinesh Lakshmanan



George Vannilam


Gigi Paul


Jose Lukose


Jules George


Justin Varghese


Krishnakumar Nair


Krishnaraj Udayachalam


Libin John


Madhu Nair


Manoj Jaiji


Mathews Cheruvil


Mohan Panangavil


Noble Thomas


Noble Thomas


Osborne David


Paul Kuriakose


Pradeep Srinivasan


Prasant Chandrasekhar


Praveen Nair


Prince Abraham


Rajesh Kutty


Rajesh Nair


Rojan Thomas


Saijan Kaniyodikal Joseph



Sajan George Elengikal


Sam Mathew


Sandeep Palakkal


Sanju Koithara



Sreekumar Kambath


Sudarsana Kurup


Sunil Paingol


Surendran Nair


Thomas Karthanal


Vinod Kondoor

# Discharging from Hospital...???

## LET US TAKE CARE OF YOUR SKILLED HOMECARE NEEDS

**T.O.N.E.**
Home Health Services, Inc.
Treating Ongoing Needs Effectively

*MEDICARE approved*


*JCAHO certified*

### OUR SKILLED HOMECARE SERVICES INCLUDE:

- ☑ NURSING SERVICES
- ☑ THERAPY SERVICES (PT/OT/ST)
- ☑ MEDICAL SOCIAL WORKER
- ☑ FALL PREVENTION / EDUCATION
- ☑ TELE-MONITORING OF DAILY VITALS
- ☑ REGISTERED DIETITIAN

T.O.N.E. *has been providing quality home health services since 2006 in the following counties:*

WAYNE, OAKLAND, MACOMB & WASHTENAW



CMS
CENTERS for MEDICARE & MEDICAID SERVICES

### QUALITY OF PATIENT CARE STAR RATING

| | T.O.N.E. Home Health Services, Inc. Treating Ongoing Needs Effectively | MICHIGAN AVERAGE |
|---|---|---|
| Quality of Patient Care Star Ratings by CMS (out of 5 stars) | ★★★★½ 4½ Stars | ★★★½ 3 & 1/2 Stars |

*Call us today for more info.*

**1-888-908-TONE**
www.tonehhs.com

# Valentines Day Celebrations

We celebrated Valentine's Day and Family Fiesta on 12thFebruary at Santhome auditorium, Southfield. The main attraction of the event was the skit "Churuli" conceptualized by Sandeep Palakkal along with games, a fun quiz, thebest dress contest, music, and dinner. The eventwas named "An Evening in Paris" and was coordinated by Boby Thomas with the help of the Women's Forum



## International Womens Day Celebrations






Detroit Malayalee Association International Women's Day 2022 Celebration was conducted on19thMarch, coordinated by Sarita Nair and Raji George. The event had a session on Women's Entrepreneurship by Theresa Schierloh and Making blankets for the less fortunate women andchildren coordinated by Sholy Nair.












## DMA Can Drive

DMA Youth forum, led by Jerusha Manoj and Aditya Kutty, organized CAN Drive. The team collected over 300 pounds of canned food and donated to Gleaners at Brighton, on 23rd April.



## Annual Picnic

DMA Annual picnic was held on 16th July at Fire Fighters Park Troy. We had a lot of new families showed up to enjoy the picnic, which had a lot of fun games for the kids as well as for adults. Families enjoyed delicious Kerala food, refreshments, Naadan kalikal, kids' face painting, kite flying, and a chess workshop. The Picnic was organized by our debutants Sam Mathew, Libin John, Brijesh Gopalakrishnan, and Charls Thomas.

## Adopt-a-Road

In July and September 2022, we cleaned our adopted roads (Dequindre Rd between 14 and 16 Mile Rd / Novi Road between 8 Mile Rd and Grand River Ave). Sreekumar Kambath coordinated the activities on the East side, and Sam Mathew on the West side.





## India Independence Day Celebrations

Detroit Malayalee Association joined hands with ILA on the India Independence Day celebrations at Suburban Collection Showplace, Novi on August 20th








# DMA Onam Aavaniravu




The Onam program, "Aavaniravu", was very successful and well-coordinated under the leadership of Chairperson Rajesh Kutty and was held on 17th September at Seaholm Highschool Birmingham. The highlight of the event was the live music show "High on Music" performed by Harish Sivaramakrishnan, Sithara Krishnakumar, and Job Kurian. It was a sold-out show for DMA with a packed auditorium of 800 guests who were extremely satisfied with the outstanding show we bought for them. The crowd was so appreciative of our efforts to bring a show like this to Detroit and it was one of the best shows DMA bought in these years. Rajesh Kutty coordinated with the show promoters to bring the show on schedule and for the successful execution of the event.

Prior to the live music show, we served our signature Onasadya. This year we served Onasadya to 500+ guests which were led by Biju Joseph along with

# INDUS FINANCIAL LLC

**SERVING MICHIGAN SINCE 1998**

**Indus Financial**
**NMLS #: 1465652**




**WE PROVIDE RESIDENTIAL AND COMMERCIAL MORTGAGE SERVICES. EXCELLENT RATES AND FAST CLOSING. VERY LESS PAPER WORK BECAUSE WE ARE ON CUTTING EDGE TECHNOLOGY WITH ELECTRONIC DOCUMENTATION. WE GIVE INSTANT PRE-APPROVAL LETTERS TO PROSPECTIVE HOME BUYERS. NO COST OPTIONS ARE AVAILABLE.**

**(734) 525 - 1234** **(248) 670-9044**

**www.indusfinancial1.com**

## About Us?

**Mohan Panangavil** began originating residential mortgages in Michigan since 1998. His long term experience in providing residential loans enables him in solving every loan situation, there is.

## Why Choose Us?

At Indus Financial, we have a dedicated team that loves what they do. Our dedication enables us to provide the Highest Level Customer Satisfaction and Experience.

Address: 1729 Fleetwood Dr, Troy, MI 48098

Email: indusfinancial@gmail.com

Prashant Chandrasekharan and Noble Thomas. All our executive members were instrumental in helping the smooth execution of Onasadya.

We also had cultural events at the school courtyard which include Thiruvathira led by Devika Rajesh/ Sholy Nair, Procession and Puli kali led by Sunil Paingol, Chenda melam led by Rajesh Nair, and Men's dance. Our guests thoroughly enjoyed all these cultural programs.

We have also announced the DMA scholarship winners for this year during the event and provided three scholarships to our winners

All the executive members and women's forum members were instrumental in coordinating various activities for the Onam event and this collective effort provided one of the Best Onam events for Detroit Malayalee Association










## DMA Scolarship 2022

DMA's Scholarship program continued this year under the leadership of Gigi Paul along with the team members Madhu Nair, Mathews Cheruvil, Prasanna Mohanachandran, and Shalini Jayaprakash. This year we had 10 applicants, and the scholarship team selected the top three students Archana Chandran, Christian Thomas, and Kevin Mathews. We had three sponsors for the scholarship awards this year, Koshy George, Kuriakose Paul, and Shalu David. The winners received the $1,000 scholarship award from the sponsors during the Onam event.

## DMA Tech Day










DMA Tech Day was successfully completed on 22nd October at Knanaya Church auditorium, Madison Heights. The event was well coordinated with the leadership of Praveen Nair along with the tech day team members Brijesh Gopalakrishnan, Prasant Chandrasekhar, and Pradeep Srinivasan. This event was organized for middle school and high school kids to get firsthand experience in the micro:bit(an open-source ARM-based embedded system designed by the BBC for use in computer education). During the event, kids learned how to use Microsoft Makecode editor and how to code the micro:bit for various projects. The keynote speech was done by Miss. Ananya Varre

## Winter Coat Drive

Women's Forum organized a winter coat drive in October and donated 45 winter coats to Purple Heart, Westland on 28th October.






## Upcoming DMA Event - Christmas Program

The 2022 Christmas celebration will be conducted on Saturday, Dec 17, 2022, at Santhome Auditorium, Southfield. The Christmas program will have various cultural events and programs that include a Theme program, Drama, Carol song, Naadan Carol, Dances, Songs, and Dinner. The event will be coordinated by Praveen Nair

# കുമാരേട്ടൻ



രവി വാര്യത്ത്

കുമാരേട്ടൻ

മാഷേ

ഒരു ന്യൂസുണ്ട് ട്ടൊ.

ന്യൂസൊ...

അതെന്താ.

നല്ല ന്യൂസല്ല ചീത്ത ന്യൂസാ.

ചാരിയിട്ടിരുന്ന പടിവാതിൽ തുറന്ന് അകത്തേക്കു ഓടി വരുന്നതിനിടയിൽ എമ്പ്രാന്തിരി അല്പം ഉച്ചത്തിൽ വിളിച്ചു പറഞ്ഞു.

പൂമുഖത്തെ ചാരുകസേരയിൽ ഇരുന്ന് ഞാനത് കേട്ടു. അദ്ദേഹം അമ്പലത്തിൽ നിന്നുള്ള വരവാണെന്ന് തോന്നുന്നു. ഒരു കയ്യിൽ തൂക്കുപാത്രവും മറ്റേ കയ്യിൽ ഓട്ടുരുളിയും ഉണ്ട്. നമ്മുടെ കുമാരേട്ടനെ ആസ്പത്രിയിലാക്കീത്രെ.

"ങേ" എപ്പോൾ, എന്താ കാര്യം? ഞാൻ കസേരയിൽ നിന്നും എഴുന്നേറ്റു.

ഏകദേശം അര മുക്കാൽ മണിക്കൂർ ആയിട്ടുണ്ടാവും.

സ്കൂളിലെ ഹെഡ്മാഷാ വിവരം പറഞ്ഞത്.

ഈശ്വരാ... അദ്ദേഹത്തിന് എന്താ പറ്റിത് ഞാൻ ചോദിച്ചു.

മുഴോൻ എനിക്കറിയില്ലട്ടൊ എന്നാലും കേട്ടത് പറയാം.

കുമാരേട്ടൻ വീട്ടിലേക്ക് പോകുന്ന വഴി ആരോ കാറിൽ കൊണ്ടുവന്ന മാലിന്യങ്ങൾ സ്കൂൾ പറമ്പിലേക്ക് എറിയണത് കണ്ടുവത്രെ.

അത് ചോദിക്കാൻ ചെന്നതാ അദ്ദേഹം.

അപ്പൊ കാറുകാരൻ കുമാരേട്ടനെ ദേഹോപദ്രവം ഏൽപ്പിച്ച് ഓടയിലേക്ക് തള്ളിയിട്ടു. എന്നിട്ടോ?

സ്കൂൾ കുട്ടികൾ അത് കണ്ട് ബഹളം വെച്ചപ്പോൾ കാറുകാരൻ പോയി.

പിന്നെ ആരൊക്കെയൊ ചേർന്ന് കുമാരേട്ടനെ എടുത്ത് ആസ്പത്രിയിൽ കൊണ്ടുപോയി. ഡോക്ടർ പരിശോധിച്ചപ്പോൾ അവിടെ അഡ്മിറ്റാക്കാൻ പറഞ്ഞു.

ഇപ്പൊ കുറച്ച് ഭേദണ്ടെന്നും പറഞ്ഞു.

അയ്യോ അത് വലിയ കഷ്ടായീലൊ.

പാവം, അല്ലങ്കിൽ തന്നെ അദ്ദേഹത്തിന് വയ്യ.

കുമാരേട്ടൻ ഇവിടെ വന്നിരുന്നു രണ്ടു മണിക്കൂർ മുൻപ്. എന്നോട് ഒന്നും രണ്ടും പറഞ്ഞ് ചൂടായിട്ടാ പോയത്.

എന്തായാലും ഞാനാശുപ



# URON Tax & Financial Services, LLC

3098 Bennington Dr.
Wixom, MI 48393-1722

Email: gtvann@aol.com
Phone: (248) 624-2511
Cell: (248) 921-9941
Fax: (248) 679-1553

## George T. Vannilam

MS, MBA, EA (Enrolled Agent)
Fellow, National Tax Practice Institute
www.urontax.com
www.naea.org, www.misea.org



## Tax Services

**A One-Stop Station for Tax Preparation, Representation and Solution to all Tax Problems.**

- Representation before IRS for all Tax Problems, Audits or Appeals
- Individual and Business/Corporate Tax Returns
- All State Returns
- Book-keeping and Payroll
- IRS e-file



***Your Satisfaction Guranteed!***

## Mortgage Services

NMLS# 1686724

**A One-Stop Station for all your Residential and Commercial Mortgage and Refinancing Needs.**



- Purchase and Refi. Loans
- $0 Closing Costs
- Lowest Rate Guarantee
- Quick Closing

***$$$ Saves you money! $$$***

ത്രിലൊന്ന് പോയിട്ട് വരാം. ഈ പായസോം നേദ്യച്ചോറും ഇവിടിരിക്കട്ടെ. നിവേദ്യല്ലെ അശുദ്ധമാക്കാൻ പാടില്ല.

എന്നാ ഞാനും വരാം കൂടെ. എമ്പ്രാന്തിരി ഒരു മിനിട്ട് നിൽക്കൂ ഞാൻ ഒരു ഷർട്ടിടട്ടെ.

വേണ്ട വേണ്ട മാഷ് വരണ്ട. ഞാൻ പോയിട്ട് വേഗം വരാം. അല്ലെങ്കിൽ വിവരം അറിയിക്കാം.

എമ്പ്രാന്തിരി എന്റെ മുന്നിലുള്ള മേശപ്പുറത്ത് രണ്ട് പാത്രങ്ങളും വെച്ച് അവ ദിനപ്പത്രം കൊണ്ട് മൂടി വന്ന പോലെ തന്നെ ധൃതിയിൽ തിരിച്ചു പോയി.

ഈശ്വരാ അദ്ദേഹത്തിനൊന്നും പറ്റരുതേയെന്ന പ്രാർത്ഥനയോടെ ഞാൻ വീണ്ടും കസേരയിലിരുന്നു. അപ്പോഴും എന്റെ ചെവികളിൽ കുമാരേട്ടന്റെ രോഷപ്രകടനത്തിന്റെ അലയൊലികൾ മുഴങ്ങികൊണ്ടിരുന്നു.

എന്നും പ്രഭാതസവാരി കഴിഞ്ഞു പോകുമ്പോൾ മുറ്റത്തൊ ഉമ്മറത്തൊ എന്നെ കണ്ടാൽ കുമാരേട്ടൻ റോഡിൽ നിന്ന് കൈ വീശി കാണിക്കും. ചിലപ്പോൾ ഇങ്ങോട്ട് വരികയും ചെയ്യും. വന്നാൽ ഉമ്മറത്തെ തൂണും ചാരി മിണ്ടാതിരിക്കും.

ചൂടു കാലത്താണെങ്കിൽ കയ്യിലുള്ള ദിനപത്രം കൊണ്ട് കുറച്ചു നേരം കുപ്പായത്തിന്റെ കുടുക്കുകൾ ഊരി വീശും.

കുമാരേട്ടന്റെ ആ മൗനവ്രതം അവസാനിപ്പിക്കാനായി ഞാൻ എന്തെങ്കിലും ഒരു വിഷയം അവതരിപ്പിക്കും. പിന്നെ അതിൽ തുടങ്ങി ലോകത്തുള്ള പല സംഭവങ്ങളെക്കുറിച്ചും അദ്ദേഹം പറയും. ഒരു വിജ്ഞാനകോശം പോലെ വ്യക്തവും കൃത്യവുമായിട്ടു തന്നെ പറയും. സ്വാതന്ത്ര്യസമരത്തിന്റെ നിലക്കാത്ത കാഹളങ്ങൾ കേട്ട് ജനിച്ചതും "പദം പദം ഉറച്ചു നാം പാടി പാടി പോകണം" എന്ന് അമ്മ പാടിയിരുന്നത് കേട്ടു വളർന്നതും, ത്രിവർണ്ണ പതാകയെ തൊഴുത് പൂജിച്ചിരുന്നതും കുമാരേട്ടൻ ഭക്തിപുരസ്സരം പറയും.

ഗാന്ധിജിയെക്കുറിച്ചും, ടാഗോറിനെക്കുറിച്ചും, സുബാഷ് ചന്ദ്രബോസിനെക്കുറിച്ചുമൊക്കെ പറയാൻ അദ്ദേഹത്തിന് ആയിരം നാക്കായിരുന്നു.

കുമാരേട്ടൻ പൊതുവെ ഒരു ശുദ്ധഗതിക്കാരനാണ്. ആരേയും വേദനിപ്പിക്കുന്ന വാക്കുകളൊ പ്രവർത്തികളൊ അദ്ദേഹത്തിൽ നിന്നുണ്ടാവാറില്ല. പക്ഷെ സ്വാതന്ത്ര്യസമരത്തിന്റെ ത്യാഗവും വേദനയും അറിഞ്ഞതുകൊണ്ട് ദേശതാല്പര്യത്തിനോ ദേശീയതയ്ക്കോ എതിരായി എന്തെങ്കിലും കണ്ടാൽ കേട്ടാൽ അദ്ദേഹം പൊട്ടിത്തെറിക്കും.

മുഖം നോക്കാതെ പ്രതികരിക്കും. പത്തു മുപ്പത് കൊല്ലത്തോളം പട്ടാളത്തിൽ സേവനം അനുഷ്ഠിച്ചതുകൊണ്ട് ദേശീയബോധവും ദേശസ്നേഹവും അദ്ദേഹത്തിന് വേണ്ടുവോളം ഉണ്ടായിരുന്നു.

കുട്ടികളെ അദ്ദേഹത്തിന് വലിയ കാര്യമായിരുന്നു. അവരിലാണ് ഭാരതത്തിന്റെ ഭാവി എന്നായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. ഒന്നു രണ്ടു മാസം കൂടുമ്പോൾ അടുത്തുള്ള എൽ.പി. സ്കൂളിൽ അദ്ദേഹത്തിനൊരു വിസിറ്റുണ്ട്. ഒരു സഞ്ചിയിൽ നിറയെ മിഠായിയും കഥാപുസ്തകങ്ങളുമായാണ് ആ സന്ദർശനം. അതൊക്കെ വിതരണം ചെയ്തു കഴിഞ്ഞാൽ വന്ദേമാതരവും, 'സാരെ ജഹാംസെ അച്ഛാ' എന്ന ദേശഭക്തിഗാനവും അദ്ദേഹം അവർക്കായി ചൊല്ലി കൊടുക്കും, അവരെക്കൊണ്ട് ഏറ്റു ചൊല്ലിക്കുകയും ചെയ്യും. അതിന് ശേഷമെ അദ്ദേഹം സ്കൂളിൽ നിന്ന് മടങ്ങാറുള്ളൂ. അതു കൊണ്ട് കുട്ടികൾക്കൊക്കെ അദ്ദേഹത്തെ വലിയ ഇഷ്ടമായിരുന്നു. നാട്ടുകാർ പണ്ടേ കുമാരേട്ടൻ എന്നായിരുന്നു വിളി. അത് കേട്ട് കുട്ടികൾ പോലും അങ്ങിനെത്തന്നെയാണ് അദ്ദേഹത്തെ വിളിച്ചിരുന്നതും.

പതിവിന് വിപരീതമായി മുഖത്ത് വല്ലാത്ത ദേഷ്യവുമായാണ് കുമാരേട്ടൻ ഇന്ന് രാവിലെ ഇങ്ങോട്ട് വന്നത്. സ്ഥായിയായ അദ്ദേഹത്തിന്റെ ആർദ്രഭാവത്തിന് പകരം കടുത്ത ദേഷ്യമായിരുന്നു മുഖത്ത്. ഞാനൊരു മാസികയുടെ വാർഷിക പതിപ്പിലേക്ക് ഒരു ചെറുകഥ എഴുതുന്ന തിരക്കിലായിരുന്നു. വന്നപാടെ ചുരുട്ടിപ്പിടിച്ച ദിനപത്രം എന്റെ നേരെ നീട്ടികൊണ്ട് അദ്ദേഹം ചോദിച്ചു.

താനീ പത്രം വായിച്ചൊ...? ഞാൻ പറഞ്ഞു.

ഇല്ലല്ലൊ.

അതെന്താ താൻ വായിക്കാത്തത്.


ഞാനിത്തിരി തിരക്കിലായിരുന്നു. സമയം തീരെ കിട്ടിയില്ല.

ഒന്നു രണ്ടു കഥകൾ....

ഞാൻ മെല്ലെ പറഞ്ഞു.

ഓ........ അത് ശരി

താൻ വല്യേ എഴുത്തുകാരനാണല്ലൊ, സാഹിത്യകാരൻ. നന്നായി, പക്ഷെ നാട്ടിലെ സംഭവ വികാസങ്ങളറിയാത്ത നാടിന്റെ ഹൃദയ തുടിപ്പുകളറിയാത്ത താനൊക്കെ എന്ത് എഴുത്തുകാരനാഡൊ.? സാഹിത്യകാരൻമാർക്കും കലാകാരന്മാർക്കുമൊക്കെ സമൂഹത്തിനോടെ പ്രതിബദ്ധത വേണം, സോഷ്യൽ കമ്മിറ്റ്മെന്റ്. ചുറ്റും നടക്കുന്ന കാര്യങ്ങളിലേക്ക് ഒരു കണ്ണ് വേണം. തെറ്റു കണ്ടാൽ ചൂണ്ടിക്കാട്ടണം. നല്ലതിനെ അഭിനന്ദിക്കണം.




ASSET PRESERVATION
Tax & Retirement Services
TAXES • INVESTMENTS • INSURANCE
LOU GUGLIELMETTI
LOU, JOHN AND THEIR PARTNERS ARE
RETIREMENT PLANNING EXPERTS
Specializing In:
• Social Security Planning
• 401K & Roth/Traditional IRA Rollover reviews
• Pension & Buyout Options
• Income/Tax Planning & Distribution Analysis
• When Can You Retire?
• How do you secure your retirement savings to last for your lifetime?
• Do you have Questions?
WE HAVE ANSWERS..WE CAN HELP!!
JOHN LOPEZ
Lou Guglielmetti, John Lopez and Charlie Miller Staying with you throughout Retirement!
Give us A Call to Set up your COMPLIMENTARY meeting to see what YOUR future Holds.
AssetPreservationMI.com - 586-733-1305
42370 Van Dyke Ave Ste 711 Sterling Heights MI 48314

കാരണം നിങ്ങളെ ഒരു പാട്പേർ പിൻതുടരുന്നുണ്ട് നിങ്ങളുടെ അഭിപ്രായം കേൾക്കാൻ അവർ ആഗ്രഹിക്കുന്നുണ്ട്. നിങ്ങളുടെ ചിന്താഗതിയും പ്രതികരണവും അവർ തുലനം ചെയ്യുന്നുണ്ട്. അവരുടെ തെറ്റും ശരിയും നിങ്ങളുടെ അഭിപ്രായങ്ങളുമായി താരതമ്യം ചെയ്യുന്നുണ്ട്. കാരണം നിങ്ങളുടെ പുസ്തകങ്ങൾ വായിച്ച്, നിങ്ങളുടെ പ്രകടനങ്ങൾ കണ്ട് നിങ്ങളെ ആരാധിക്കുന്നവരാണ് അവർ. അവരെ നിരാശപ്പെടുത്തരുത്.

വായനക്കാരില്ലെങ്കിൽ കാണികളില്ലെങ്കിൽ നിങ്ങൾക്കൊന്നും നിലനിൽപ്പില്ല. അത് മറക്കരുത്. കുമാരേട്ടൻ വല്ലാതെ കിതയ്ക്കുന്നുണ്ടായിരുന്നു.

ഞാൻ പറഞ്ഞു.

ദാ ഇവിടെ ഇരിക്കൂ.

ഇരുന്നിട്ട് പറയാലൊ നമുക്ക് കാര്യങ്ങള്. അദ്ദേഹത്തെ ഒന്ന് ശാന്തനാക്കാൻ കൂടിയാണ് ഞാനത് പറഞ്ഞത്.

പുറത്ത് ചാറ്റൽ മഴയുണ്ടെങ്കിലും അദ്ദേഹത്തിന്റെ നെറ്റിത്തടത്തിലപ്പോൾ വിയർപ്പ് പൊടിയുന്നുണ്ടായിരുന്നു.

മുണ്ടിന്റെ കോന്തല കൊണ്ട് നെറ്റിയും മുഖവും തുടച്ച ശേഷം അദ്ദേഹം പറഞ്ഞു.

ഇല്ല ഞാൻ ഇരിക്കിണില്ല.

പിന്നെ നീട്ടിപ്പിടിച്ച പത്രം മേശപ്പുറത്തേക്കിട്ട് അദ്ദേഹം എന്നെ ഒന്ന് സൂക്ഷിച്ചു നോക്കി. കുമാരേട്ടന്റെ കണ്ണുകളിൽ ഒരു കനൽ എരിയുന്ന പോലെ എനിക്കു തോന്നി.

അതിന്റെ ചൂട് സഹിക്കാനാവാതെ ഞാൻ മുഖം കുനിച്ചിരുന്നു. എനിക്ക് തന്നോട് പറയാനല്ല ചോദിക്കാനാ ഉള്ളത്.

വിയർപ്പ് തുടച്ച ശേഷം അദ്ദേഹം തുടർന്നു. ആ വാക്കുകളിൽ പ്രായത്തിന്റെ തളർച്ചയൊന്നും ഉണ്ടായിരുന്നില്ല പകരം വാക്കുകളിൽ യൗവ്വനത്തിന്റെ ഉശിരും ചൊടിയും കലരുകയും ചെയ്തിരുന്നു. എന്താ ചോദിക്കാനുള്ളത് കുമാരേട്ടൻ ചോദിച്ചോളൂ. എനിക്ക് ആ ചോദ്യം കേൾക്കാൻ വലിയ താൽപ്പര്യം തോന്നി.

എടോ... ദൈവത്തിന് ജാതീം മതവുമുണ്ടോ..? ദൈവത്തിന് കക്ഷി രാഷ്ട്രീയമുണ്ടോ?

എടോ... ദൈവം ആരെയെങ്കിലും മാനഭംഗപ്പെടുത്താറുണ്ടോ? ബലാൽസംഗം ചെയ്യാറുണ്ടോ,

കൊന്ന് തിന്നാറുണ്ടോ.

തീരെ പ്രതീക്ഷിക്കാത്ത ആ ചോദ്യം കേട്ടപ്പോൾ ഞാനൊന്ന് അന്തം വിട്ടു. അതിനൊരു മറുപടി പറയാനാവാതെ ഞാൻ മിഴിച്ചിരുന്നു. അപ്പോൾ അദ്ദേഹം വീണ്ടും ചോദിച്ചു.

ഇല്ലാ അല്ലേ.

പിന്നെ അത് മാത്രമുള്ള ഈ നാടെങ്ങിനെയാടാ ദൈവത്തിന്റെ സ്വന്തം നാടാവുന്നത്....? അദ്ദേഹം വീണ്ടും കിതയ്ക്കാൻ തുടങ്ങി.

കിതപ്പു മാറ്റാനായി അദ്ദേഹം സംസാരം ഒന്ന് നിർത്തി.

ആ ഇടവേളയിൽ ഞാൻ പറഞ്ഞു. കുമാരേട്ടൻ ഇന്ന് വല്ലാതെ ക്ഷുഭിതനും ക്ഷീണിതനും ആണല്ലൊ. എന്ത് പറ്റി.

ഞാൻ വീണ്ടും പറഞ്ഞു.

ഇങ്ങോട്ട് കയറിയിരിക്കൂ, നമുക്ക് ഇരുന്നിട്ട് സംസാരിക്കാം. ഞാൻ ഇത്തിരി തണുത്ത വെള്ളം കൊണ്ടു വരാം. അത് കുടിച്ചോളൂ എന്നിട്ടാവാം ബാക്കി.

ഏയ് വേണ്ട വേണ്ട ഞാൻ പോണു. എന്റെ ചോദ്യത്തിന് താൻ മറുപടി പറയില്ല അതെനിക്കറിയാം. ശരി ശരി തന്റെ എഴുത്ത് നിർത്തണ്ട അതിന് ഞാനൊരു തടസ്സാവണ്ട. ഞാൻ പോണു.

തന്റെ ഷോക്കേസിൽ പുരസ്കാരങ്ങൾ നിറഞ്ഞു കവിയട്ടെ..... എന്നാലും ഒരപേക്ഷയുണ്ട് തന്നോട്. സമയം കിട്ടുമ്പോൾ ഈ പത്രങ്ങളൊന്ന് വായിച്ചു നോക്കണം നമുക്ക് അഭിമാനിക്കാനും ആഹ്ലാദിക്കാനുമുള്ള എന്തെങ്കിലും ഒരു വാർത്തയുണ്ടോ അതിലെന്ന്.....

പത്രം മേശപ്പുറത്തേക്കിട്ട് ഒരു കൈകൊണ്ട് നെഞ്ച് തടവി കുമാരേട്ടൻ മുറ്റത്തേക്കിറങ്ങി. പിന്നെ പതുക്കെ പതുക്കെ പടിയിറങ്ങി പോയി ഒന്ന് തിരിഞ്ഞു പോലും നോക്കാതെ....

ഞാൻ എഴുന്നേറ്റു. മനസ് മുഴുവൻ കുമാരേട്ടനെക്കുറിച്ചുള്ള ചിന്തകളായിരുന്നു, അദ്ദേഹത്തിന് മറിച്ചൊന്നും സംഭവിക്കരുതേ എന്ന പ്രാർത്ഥനയും. അദ്ദേഹം ഇട്ടു പോയ ദിനപ്പത്രം ഞാൻ എടുത്തു. അത് മേശപ്പുറത്തെ ചോറ്റുരുളിക്ക് മേൽ അടഞ്ഞു കിടന്നിരുന്നു. ഞാനത് തുറന്നു നോക്കി.

പക്ഷെ അതിൽ എനിക്കൊന്നും കാണാനായില്ല വായിക്കാനായില്ല. അക്ഷരങ്ങൾ ഒക്കെ മാഞ്ഞു പോയിരിക്കുന്നു അതാകെ നനഞ്ഞു കുതിർന്നിരിക്കുന്നു.

അപ്പോഴും എനിക്ക് ചുറ്റും കുമാരേട്ടന്റെ ആ ചോദ്യം അലയടിക്കുന്നുണ്ടായായിരുന്നു. ഈ നാടെങ്ങിനേയാടോ ദൈവത്തിന്റെ സ്വന്തം നാടാവുക എന്ന ചോദ്യം.

അതിന്റെ ഉത്തരം എനിക്കറിയാമെങ്കിലും എന്റെ സ്വാർത്ഥതാൽപര്യം അത് പറയാൻ എന്നെ അനുവദിച്ചില്ല.

ഞാൻ വീണ്ടും കസേരയിൽ തന്നെ ചാരി കിടന്നു.

അപ്പോൾ എന്റെ മൊബെയിൽ വിറക്കാനും പാടാനും തുടങ്ങി.

ഞാൻ ഫോണെടുത്തു. എമ്പ്രാന്തിരിയാണ് അപ്പുറത്ത് എന്ന് അറിഞ്ഞപ്പോൾ ത്തന്നെ എന്റെ മനസ്സ് ഒന്ന് പിടഞ്ഞു. ആ... പറയൂ എമ്പ്രാന്തിരി... കുമാരേട്ടന് എങ്ങിനെയുണ്ട്. ഞാൻ ചോദിച്ചു.

നിണ്ട മൗനത്തിന് ശേഷം അദ്ദേഹം പറഞ്ഞു.

പോയി മാഷെ നമ്മുടെ കുമാരേട്ടൻ പോയി...




BUILD WEALTH AND PROTECT WEALTH

RISK FREE AND TAX FREE RETIREMENT

- Financial Planning
- Education Planning
- Retirement Planning
- Estate Planning



DIAZ THOMAS
248 470 2200



ABHILASH PAUL
248 670 9249

WFG WORLD FINANCIAL GROUP

38345 W 10 MILE RD, , STE 320, FARMINGTON HILLS, MI 48335

CONTACT US FOR A COMPLIMENTARY PLANNING SESSION



പാർവ്വതി കിരൺ

# പ്രതീക്ഷ

പതിനഞ്ചു ദിവസം പിന്നിട്ടിരിക്കുന്നു ഈ നിലവറയ്ക്കുള്ളിൽ ഉളിവു ജീവിതം തുടങ്ങിയിട്ട്. ചെറിയ കിളിവാതിലുകളുടെ അഴികളിലൂടെ നോക്കിയാൽ കാണുന്നത് ഇടിഞ്ഞു തകർന്ന കെട്ടിടങ്ങും നിരാശയും മാത്രം. ആ കെട്ടിട അവശിഷ്ടങ്ങൾക്കുള്ളിൽ മനുഷ്യരുണ്ടാവാം. അവരുടെ തകർന്ന സ്വപ്നങ്ങളും.

യുദ്ധമുണ്ടാകാൻ സാധ്യതയുണ്ട് എന്ന വാർത്ത പരന്നപ്പോൾ പണമുള്ളവർ രാജ്യം വിട്ടിരുന്നു. പണവും സ്വാധീനവുമുള്ളവർ അതിനും മുൻപേ തന്നെ രക്ഷപ്പെട്ടിരുന്നു. ജനങ്ങളുടെ വലിയ കൂട്ടങ്ങൾ അതിർത്തിയിൽ തമ്പടിച്ചിരിക്കുന്നുവെന്നും അവിടമാകെ അക്രമങ്ങൾ പൊട്ടിപ്പുറപ്പെടുന്നുവെന്നും വാർത്തകൾ വന്നതിന്നലെയാണ്. എന്തെങ്കിലും മോശം വാർത്തകൾ പുറത്തുവന്നാൽ പലായനം തന്നെയാണ് മാർഗ്ഗം എന്ന് പറഞ്ഞ് അമ്മ കുറെ ദിവസങ്ങളായി അവശ്യസാധനങ്ങൾ എല്ലാം പെട്ടിയിലാക്കി വയ്ക്കുന്നുണ്ടായിരുന്നു. അപ്പോഴും അച്ഛന് അങ്ങനെയൊന്നും സംഭവിക്കില്ല എന്ന് പ്രതീക്ഷയുണ്ടായിരുന്നുവെന്ന് തോന്നുന്നു.

ഉച്ചഭക്ഷണത്തിന് ശേഷം നേതനും ഞാനും വീടിനു മുമ്പിൽ കളിച്ചുകൊണ്ടിരുന്നപ്പോഴാ് പരവശനായി അച്ഛൻ വരുന്നത്. അയൽപക്കത്തുള്ള പലരും ഇന്നുതന്നെ അതിർത്തിയിലേയ്ക്ക് പുറപ്പെടുന്നു, യുദ്ധം ഉടനെയുണ്ടാകുമെന്ന് വാർത്തകൾ അച്ഛനറിയിച്ചു. അധികം താമസിയാതെ തന്നെ ബാക്കിയുണ്ടായിരുന്ന പരിചയക്കാരും അയൽക്കാരും കൂട്ടുകാരുമെല്ലാം യാത്ര പറഞ്ഞിറങ്ങി. വയ്യാത്ത അമ്മയെയും കുട്ടിയായ നേതനെയും കൊണ്ട് കലാപങ്ങൾക്കിടയിലൂടെ അതിർത്തിയിലേയ്ക്ക് യാത്ര ചെയ്യുന്നത് സാധ്യമല്ലെന്ന് അച്ഛൻ അഭിപ്രായപ്പെട്ടു. എല്ലാവരും അതിനോട് യോജിച്ചു. പക്ഷേ, എവിടെയൊളിക്കും? അതായിരുന്നു എന്റെ ചോദ്യം.

വഴിയിലൂടെ ജനക്കൂട്ടം പൊയ്ക്കൊണ്ടേയിരുന്നു. വലിയ ഭാണ്ഡക്കെട്ടുകളിൽ ശേഖരിക്കാനാവുന്നതൊക്കെ ശേഖരിച്ച്, ഉള്ളതെല്ലാം വിട്ട് ജീവനുവേണ്ടി മനുഷ്യർ പരക്കം പാഞ്ഞു. എല്ലാവരും എന്തിനാണിത്രത്തോളം പരിഭ്രമിക്കുന്നതെന്ന് എനിക്കപ്പോൾ പൂർണ്ണമായും മനസ്സിലായിരുന്നില്ല. എന്നെയും നേതനേയും അടുത്തുവിളിച്ചിരുത്തി അച്ഛൻ പറഞ്ഞു, "യുദ്ധമാണ് എന്തു സംഭവിച്ചാലും നമുക്കിത് ഒന്നിച്ച് അതിജീവിച്ചേ പറ്റൂ. നിങ്ങൾക്ക് പലതും സഹിക്കേണ്ടി വന്നേയ്ക്കാം, പലതും കാണേണ്ടി വന്നേയ്ക്കാം. പക്ഷേ നമുക്ക് ജീവിക്കണം. നമ്മൾ ഒരിടത്ത് ഒളിക്കാൻ പോകുന്നു. ഉടനെയൊന്നും പുറത്തുപോവാനോ കളിക്കാനോ ഒച്ചവച്ചു സംസാരിക്കാനോ നല്ല ഭക്ഷണ കഴിക്കാനോ നമുക്ക് സാധിച്ചെന്നു വരില്ല. വാശി പിടിക്കരുത്. കുട്ടികളാണ് നിങ്ങൾ. പക്ഷേ, നി പക്വതയോടെ വേണം ഓരോ നിമിഷവും പെരുമാറാൻ. ചെറിയ ഒരു അശ്രദ്ധ മതി നമ്മുടെ കുടുംബം അപകടത്തിലാവാൻ."

നേതൻ അമ്പരപ്പോടെ ഇതെല്ലാം കേട്ടിരുന്നു. അവന്റെ മുഖത്തെ കുട്ടിത്തം മാഞ്ഞ് പകരം ഗൗരവം നിറഞ്ഞു. അവനെപ്പോഴാണ് ഇതൊക്കെ മനസ്സിലാക്കാനുംമാത്രം വലിയ കുട്ടിയായതെന്ന് എനിക്കറിയില്ല.

നേതന്റെ ഉടുപ്പുകളും ശബ്ദം കേൾക്കാത്ത കുറച്ചു കളി

TDR

SPECIALISTS IN ORTHODONTICS



*We offer complimentary virtual or in-person consultations!*

**BIRMINGHAM**
**248.258.8283**

**NOVI**
**248.888.8552**

**HOWELL**
**810.227.1950**

**ROCHESTER HILLS**
**248.652.6121**

**www.tdrortho.com**

പ്പാട്ടങ്ങളും അവന്റെ പുതപ്പുകളും മറ്റുമായി അച്ഛൻ അവനെയും കൂട്ടി വീട്ടിൽനിന്നും എങ്ങോട്ടേയ്ക്കോ പുറപ്പെട്ടു. അമ്മ അപ്പോഴേക്കും അമ്മയുടെയും എന്റെയും പെട്ടികൾ തയ്യാറാക്കി വച്ചു. കുപ്പികളും തീപ്പെട്ടികളും എന്നുവേണ്ട ആവശ്യമുണ്ടെന്ന് എനിക്കൊരിക്കലും തോന്നാത്ത പലതും അമ്മ എടുത്തുവച്ചു. അച്ഛൻ മടങ്ങിയെത്തിയപ്പോൾ ഞാനും അച്ഛനും ആ കുപ്പികളും പെട്ടികളുമൊക്കെയായി എങ്ങോട്ടേയ്ക്കോ നടന്നു. എവിടെയായിരിക്കാം അച്ഛൻ എന്നെ കൊണ്ടുപോകുന്നത്. എന്തുകൊണ്ട് ആകെയുള്ള സൈക്കിൾ എടുത്തില്ല? ഇത്രയും സമയം എന്തിന് നടന്നു പോകുന്നു? നിരത്തുകൾ നിറയെ പലായനം ചെയ്യുന്ന ആളുകളാണ്. അവരോടൊപ്പം അതിർത്തിയിലേയ്ക്ക് പോകുംപോലെയാണ് അച്ഛൻ അഭിനയിച്ചത്. എന്തിനുവേണ്ടിയാണ് അത്? മനസ്സിലൊരായിരം ചോദ്യങ്ങൾ. ഒന്നും ഉറക്കെ ചോദിച്ചില്ല. അച്ഛന് ഒരു കടയുണ്ട്. ചെറിയ കടയാണ്. പക്ഷേ വളരെ പഴക്കമുണ്ട് അതിന്. രണ്ട് തലമുറകൾക്ക് മുൻപേ പണിത കടയാണത് എന്ന് അച്ഛൻ പറഞ്ഞു കേട്ടിട്ടുണ്ട്. കുട്ടിയായിരുന്നപ്പോഴും അച്ഛൻ അവിടെ അപ്പൂപ്പനൊപ്പം ജോലി ചെയ്യുമായിരുന്നു. അന്നത് സ്ഥലത്തെ പ്രധാന പലചരക്ക് കടയായിരുന്നു. പിന്നെ ചുറ്റിനും വലിയ വലിയ കെട്ടിടങ്ങൾ പൊന്തിവന്നപ്പോൾ അത് തീരെ ചെറിയ ഒന്നായി മാറി. പക്ഷേ, ആവശ്യമുള്ളതെല്ലാം അവിടുന്നു വാങ്ങാൻ കിട്ടുമെന്ന് എല്ലാവരും പറയും. ഈ നിരത്തിന്റെ അറ്റത്താണ് ആ കട. അങ്ങോട്ടാണ് അച്ഛൻ എന്നെ കൊണ്ടുപോകുന്നതെന്നെനിക്കു തോന്നി. കടയുടെ മുമ്പിലെത്തിയപ്പോൾ നടന്നു തളർന്നതുപോലെ അച്ഛൻ അതിന്റെ മുമ്പിലിരുന്നു. ആളുകളുടെ വരവൊന്ന് നിലച്ചപ്പോൾ അച്ഛനെന്നെയും കൂട്ടി പിൻവശത്തുകൂടി അകത്തു കടന്നു. എന്തിനാണിത്ര രഹസ്യസ്വഭാവം? കടയുടെ മൂലയിലുള്ള ഇരുമ്പ് അലമാരയ്ക്കിടയിലൂടെ അച്ഛൻ പിൻഭാഗത്തേയ്ക്ക് പോയി. അവിടെയൊരു വാതിലുണ്ടായിരുന്നു. നിലവറയിലേയ്ക്ക് തുറക്കുന്ന വാതിൽ. അത്ഭുതം കൊണ്ട് എന്റെ കണ്ണുകൾ വിടർന്നു. ഇതുവരെ അങ്ങനെയൊന്ന് കണ്ടിട്ടില്ല. താഴേയ്ക്കിറങ്ങിയപ്പോൾ അത്ര ചെറുതല്ലാത്ത നിലവറയിലെത്തി. പണിപ്പെട്ടു വൃത്തിയാക്കിയതുപോലെ കാണപ്പെട്ടു അവിടം. മാത്രമല്ല, കുപ്പികളിലും വലിയ പാത്രങ്ങളിലും വെള്ളം നിറച്ചു വച്ചിരിക്കുന്നു. ധാന്യങ്ങൾ, ആയുധങ്ങൾ ഇരിക്കാൻ ഒരു ചെറിയ കസേര – നേതൻ അതിലിരിക്കുന്നുണ്ടായിരുന്നു. അവൻ ജനലഴികൾക്ക് ചുറ്റും ജീവികൾക്ക് കയറാനാകാത്തവിധം വല കെട്ടുകയായിരുന്നു. അതിലൂടെ നോക്കുമ്പോൾ കുറച്ചു ദൂരെയായി നിരത്തുകളിലൂടെ നടന്നുപോകുന്ന ആളുകളുടെ കാലുകൾ കാണാം. അച്ഛൻ ജനാലകളുടെ അരികിൽനിന്നും മാറി, ഒച്ചയുണ്ടാക്കാതെയിരിക്കുവാൻ ഞങ്ങളെ ഉപദേശിച്ചു. അതിനുശേഷം പിന്നെയും വീട്ടിലേയ്ക്ക് പുറപ്പെട്ടു.

കൗതുകമാണ് എനിക്കാദ്യം തോന്നിയത്. നിലവറയ്ക്കുള്ളിൽ മുതിർന്ന ആളുകൾക്ക് നിവർന്നു നിൽക്കാം. അച്ഛന്റെ മുടി പക്ഷേ മുകൾഭിത്തിയിൽ തട്ടുന്നുണ്ടായിരുന്നു. പുസ്തകങ്ങളും ചായപ്പെൻസിലുകളും എടുക്കാൻ ഞാൻ മറന്നു. അതിനി പറഞ്ഞാൽ വഴക്കു കിടന്നുമെന്നോർത്ത് ഞാൻ ഒന്നും പറഞ്ഞില്ല.

അച്ഛനും അമ്മയും എത്തിയപ്പോഴേയ്ക്ക് നേതനും ഞാനും നിലവറയ്ക്കുള്ളിൽ ആവശ്യമുള്ള വസ്തുക്കളെല്ലാം അടുക്കി ഒതുക്കി വച്ചു. ഒന്നു രണ്ടുതവണ കൂടി അവർ വീട്ടിൽ പോയി വന്നുവെന്ന് തോന്നുന്നു. എന്തായാലും പരിചയക്കാരെ ആരെയും ഞാൻ വഴിയിൽ കണ്ടില്ല.

പിറ്റേന്ന് നേരം പുലരുമ്പോഴേയ്ക്ക് നിരത്തുകളിൽ പട്ടാളവണ്ടികൾ കാണപ്പെട്ടു. നിലവറയുടെ വാതിൽ അടഞ്ഞുകിടന്നു. വീട്ടിൽനിന്നും കൊണ്ടുവന്ന ഒഴിഞ്ഞ കുപ്പികളിൽ നിറയെ ഇപ്പോൾ വെള്ളം നിറച്ചിരിക്കുന്നു. പ്രധാനമായും രണ്ട് അഴികളിലൂടെയാണ് വായുസഞ്ചാരം. അതിലൂടെയാണ് ഞങ്ങൾ വെളിയിലെ സാഹചര്യങ്ങൾ നോക്കിക്കാണുന്നത്. നിരത്തിലൂടെ പോകുന്നവർ ജനലഴികൾ ശ്രദ്ധിക്കാനിടയില്ല. ചെറിയ കുറ്റിച്ചെടികളുടെ മറവുണ്ട്. നേതൻ വളരെ അച്ചടക്കത്തോടെയാണ് ഇപ്പോൾ പെരുമാറുന്നത്; കാര്യഗൗരവത്തോടെ, അവൻ അച്ഛനും അമ്മയും പറയുമ്പോലെ ചെയ്യും എല്ലാ കാര്യങ്ങളും.

സന്ധ്യയാകും മുമ്പേ തന്നെ




WHY CHOOSE JAYA TRAVEL & TOURS?
OUR REPUTATION SPEAKS FOR ITSELF!
FARES TO INDIA starting at $526*
*Conditions apply
SERVING METRO DETROIT FOR OVER 45 YEARS
Lowest airfare rates to and from India and worldwide
24/7 support with our multilingual travel experts
Your one-stop-shop for all your travel needs
We invest in our community through the Jaya Foundation
See for yourself why generations of travelers have made us their trusted community travel partner.
We offer:
• Student discounts on flights
• 5% off on cruises or tour packages
• Destination Weddings
• Travel Insurance
• Group Travel
• An office in Mumbai, India to better serve you
View our current promotions at jayatravel.com/promotions
Call Jaya Travel to book today!
877-359-5292 | JAYATRAVEL.COM | letsgo@jayatravel.com
JAYA
TRAVEL & TOURS

നിലവറയ്ക്കുള്ളിൽ ഇരുട്ടുപടരും. മറ്റുള്ളവരുടെ ശ്രദ്ധയാകർഷിക്കും എന്നതിനാൽ വെളിച്ചം തെളിക്കാൻ കഴിയില്ല. അതുകൊണ്ടുതന്നെ സന്ധ്യ കഴിയുമ്പോഴേക്കും എല്ലാവരും ഉറങ്ങാൻ കിടക്കും. വേവിച്ച ധാന്യങ്ങൾ ആയിരുന്നു ഇന്നലെ അമ്മ നൽകിയ ആഹാരം. അതും വളരെ കുറച്ചുമാത്രം. പ്രഭാതകർമ്മങ്ങൾക്കായി നിലവറയ്ക്ക് മുകളിൽ പോകണം. അവിടെ കടയിലെ ജോലിക്കാർക്കായി പണി കഴിപ്പിച്ച ശുചിമുറിയുണ്ട്, വെള്ളവുമുണ്ട്. പക്ഷേ, മുകളിലേയ്ക്ക് പോവുകയെന്നത് പേടിക്കേണ്ട കാര്യമാണ്. അപകടങ്ങൾ എപ്പോഴാണ് വരികയെന്നറിയില്ല. "ജാഗ്രതയോടെയിരിക്കണം എപ്പോഴും" എന്ന് അച്ഛൻ പറഞ്ഞു. നേതനും ഞാനും ഇടയ്ക്കിടെ കുറ്റിച്ചെടികൾക്കിടയിലൂടെ നിരത്തുകളിലേയ്ക്ക് നോക്കിനിൽക്കും. ഞാൻ മറന്നെങ്കിലും അമ്മ എന്റെ പുസ്തകങ്ങളും ചായക്കൂട്ടുകളും പെട്ടിയിലാക്കിയിരുന്നു. അതിനാൽ നേതൻ അവന്റെ കളിപ്പാട്ടങ്ങൾ കൊണ്ട് കളിക്കുമ്പോൾ ഞാൻ പുസ്തകങ്ങൾ വായിക്കും. അല്ലാത്തപക്ഷം ഞാനും അവനോടൊപ്പം കളിക്കേണ്ടി വരും ഈ ചെറിയ കുട്ടികളുടെ കൂടെ കുറച്ചുനേരം കളിക്കുമ്പോഴേക്കും മടുപ്പ് തോന്നും. ഒന്ന് രണ്ട് ദിവസങ്ങൾ കഴിഞ്ഞപ്പോഴേക്കും എനിക്കും നേതനും വിരസത തോന്നിത്തുടങ്ങിയിരുന്നു. അമ്മയും അച്ഛനും മിക്കപ്പോഴും പ്രാർത്ഥനയിൽ മുഴുകി. നേതൻ അവന്റെ കൂട്ടുകാരെക്കുറിച്ചും വിദ്യാലയത്തെക്കുറിച്ചുമൊക്കെ ഇടയ്ക്കിടയ്ക്ക് പറയും. അവന് എല്ലാവരേയും കാണാൻ തോന്നുന്നുണ്ടാവും. അവരൊക്കെ ഇപ്പോൾ എവിടെയായിരിക്കുമോ എന്തോ?

കഴിഞ്ഞ ദിവസത്തെക്കാൾ പട്ടാളവണ്ടികൾ നിരത്തുകളിൽ കാണപ്പെട്ടു. ഇവരൊക്കെ ഇവിടെ എവിടെയെങ്കിലും തമ്പടിക്കുമോ? അതോ അവർ മറ്റെവിടേയ്ക്കെങ്കിലും പോവുകയാണോ? ഒന്നുമറിയില്ല. ഇവരെല്ലാവരും പോയിക്കഴിഞ്ഞ്, ഇവിടം വീണ്ടും പഴയതുപോലെയാകുമ്പോൾ ഞാൻ നേരെ വീട്ടിലേക്കോടും, എല്ലാവരെയും പോയി കൂട്ടിക്കൊണ്ടു വരുമെന്ന് മനസ്സിലുറപ്പിച്ചു.

നാലാം ദിവസം കാതടപ്പിക്കുംവിധത്തിൽ എന്തോ ശബ്ദം കേട്ടു. ഭൂമികുലുക്കം വരികയാണെന്ന് എനിക്കു തോന്നി. അച്ഛൻ അടുത്തിരുന്ന നേതൻ അലറിവിളിച്ചു. അച്ഛൻ അവന്റെ വാ പൊത്തി, അവനെ ചേർത്തുപിടിച്ചു. എന്താണ് സംഭവിക്കുന്നതെന്നറിയാതെ അപ്പോഴും ഞാൻ നിന്ന് വിറയ്ക്കുന്നുണ്ടായിരുന്നു. കുറെ ദൂരെയായി, കെട്ടിടങ്ങൾ തീഗോളങ്ങളാവുന്നതു ഞാൻ കണ്ടു. വിമാനങ്ങളുടെയും വെടിവയ്പുകളുടെയും ശബ്ദങ്ങൾ കാതിലാകെ അലയടിച്ചു. നേതൻ അച്ഛനോടു ചോദിച്ചു "നമ്മൾ മരിച്ചുപോകുമോ അച്ഛാ?" കുറച്ചുനേരത്തെ മൗനത്തിന് ശേഷം "ഇല്ല" എന്നു പറഞ്ഞ് അച്ഛൻ അവനെ ചേർത്തു പിടിച്ചു. വീടുകളും ആരാധനാലയങ്ങളും കാര്യാലങ്ങളും എന്നുവേണ്ട മിക്ക കെട്ടിടങ്ങളും  ബോംബാക്രമണത്തിൽ തകർന്നു. കരിപുരണ്ട് ജനൽച്ചില്ലുകൾ തകർന്ന് അതിൽ പലതും ഭൂതങ്ങളെപ്പോലെ തോന്നിച്ചു. തിരിച്ചുപോകാൻ കഴിയുമോ? എനിക്ക് കരച്ചിലടക്കാൻ കഴിയുന്നില്ല. അമ്മയും അച്ഛനും നേതനും എന്നെ വിട്ടുപോകുമോ? അവരെ എനിക്ക് നഷ്ടപ്പെടുമോ? ആലോചിക്കാനേ കഴിയുന്നില്ല. അങ്ങനെ ഒരു




ABDU HALAL MEATS
& GROCERY MARKET
Groceries
Vegetables
Fresh Meat
ABDU MARKET
Pakistani, Indian, Arabic Groceries
46090 MICHIGAN AVE, CANTON, MI 48188
42468 CHERRY HILL RD, CANTON, MI 48187
Open daily 10:00AM to 9:00PM
734-335-7519
734-545-8040
734-335-7308

അവസ്ഥ!


ഒന്നുരണ്ട് ദിവസം പിന്നെയും കടന്നുപോയി. യുദ്ധം രൂക്ഷമായിക്കൊണ്ടിരുന്നു. അമ്മയുടെ രണ്ട് കാലും നീര് വച്ച് വീർത്തിരുന്നു. എല്ലാവരും അവശരായിക്കൊണ്ടേയിരിക്കുന്നു. പലരും കൺമുമ്പിൽ മരിച്ചു വീണിട്ടും ഇരുട്ടിന്റെ മറപറ്റി നിസ്സഹായരായി നോക്കി നിൽക്കാനേ ഞങ്ങൾക്ക് കഴിഞ്ഞുള്ളൂ. അച്ഛനും അമ്മയും എന്തുകൊണ്ടാണ് അയൽപക്കക്കാരെപ്പോലും, തങ്ങളീ നിലവറയ്ക്കുള്ളിൽ അഭയം തേടുന്നുവെന്ന കാര്യം അറിയിക്കാതിരുന്നത് എന്ന് എത്ര ആലോചിച്ചിട്ടും എനിക്ക് മനസ്സിലായില്ല. അച്ഛൻ ഒരു നല്ല വ്യക്തിയാണ്. സഹായം ആവശ്യമുള്ളവരെ കൈവിടരുത് എന്ന് ആദ്യം പഠിപ്പിച്ചത് എന്റെ മാതാപിതാക്കളാണ്. എന്നിട്ടും ഇത്തരം ഒരു സന്ദർഭത്തിൽ അവർ സ്വാർത്ഥരായി പെരുമാറുന്നത് എന്തുകൊണ്ടാവാം? അവർക്ക് ആരെയും വിശ്വാസമില്ലാതെയായോ?

ചീഞ്ഞ ശരീരങ്ങൾ കൂട്ടിയിട്ട് കത്തിക്കുന്ന മണമാണ് അന്തരീക്ഷം മുഴുവനുമിപ്പോൾ. കാതടപ്പിക്കുന്ന ശബ്ദങ്ങൾ. പരസ്പരം വെറുക്കുന്ന മനുഷ്യർ. പ്രകമ്പനം കൊള്ളുന്ന ഭൂമി. പൊടിയും ചാരവും ജനലഴികൾക്കിടയിലൂടെ കടന്നുവന്നുകൊണ്ടേയിരിക്കുന്നു. അമ്മ എന്റെ മുഖം നനഞ്ഞ തുണികൊണ്ട് തുടച്ചു തരികയായിരുന്നു. പെട്ടെന്ന് മുകളിൽ നിന്നും വലിയ ഒരു ശബ്ദവും ആരുടെയൊക്കെയോ പൊട്ടിച്ചിരികളും മറ്റാരുടെയോ നിലവിളിയുംകേട്ടു. അമ്മ നേതന്റെ വാ പൊത്തിപ്പിടിച്ചു. ഒടുവിൽ ഭയപ്പെട്ടത് സംഭവിക്കുകയാണോ? പിടിക്കപ്പെടുമോ? എല്ലാവരും ശ്വാസം പോലും പുറത്തുവിടുന്ന ശബ്ദമുണ്ടാകാതെ തരിച്ചുനിന്നു. അച്ഛൻ പതുക്കെ ഒരു ഇരുമ്പുവടിയെടുത്ത് കോണിപ്പടികളുടെ നിഴലിലൊളിച്ചു. അമ്മ ഞങ്ങളെയും കൊണ്ട് ധാന്യച്ചാക്കുകളുടെയിടയിൽ ഒളിച്ചു. അമ്മയുടെ കൈയിലും ഒരു കത്തിയുണ്ടായിരുന്നു. ഞാൻ നേതനെ ചേർത്തുപിടിച്ചു. നിമിഷങ്ങൾ യുഗങ്ങളെപ്പോലെ നീങ്ങി. എത്രനേരം കഴിഞ്ഞുവെന്നറിയില്ല. സന്ധ്യ ആവാറായി എന്നു തോന്നുന്നു. മുകളിലത്തെ ശബ്ദങ്ങൾ നിലച്ചു. പൂർണ്ണമായും നിശബ്ദത പടർന്നപ്പോൾ അച്ഛൻ കോണിപ്പടികൾ കയറി, നിലവറ വാതിൽ തുറന്ന് ആരെങ്കിലുമുണ്ടോയെന്ന് നോക്കി. വാതിൽ മുക്കാലും ചാരിക്കിടക്കുകയായിരുന്നു അപ്പോൾ. പിന്നിലെ വാതിലിന്റെ പൂട്ട് അവർ തകർത്തു. അതുവഴിയാണ് അകത്തു കടന്നത്. അമ്മ കത്തിയുമായി അച്ഛന്റെ പിന്നിൽ – ആരും കാണാത്ത തരത്തിൽ നിന്നു. അച്ഛൻ മുകളിലേയ്ക്ക് പോയി. രണ്ട് മൂന്ന് നിമിഷങ്ങൾക്ക് ശേഷം അച്ഛൻ നിലവറയിലേയ്ക്കെത്തി. രണ്ട് കാലുകൾ ഞാൻ ആദ്യം കണ്ടു. അമ്മ താഴെ നിന്നും ആ കാലുകൾ പിടിച്ചു. അച്ഛൻ പതുക്കെ ഒരു കുട്ടിയേയും കൊണ്ട് താഴെ വന്നു. അമ്മയും അച്ഛനും ചേർന്ന് അവളെ നിലവറിയിൽ കിടത്തി. അവൾക്ക് എന്നെക്കാൾ ഒന്നോ രണ്ടോ വയസ്സ് കുറവായിരിക്കും. ദേഹമാസകലം മുറിപ്പാടുകൾ. അതിൽനിന്ന് ചോരയൊലിക്കുന്നുണ്ടായിരുന്നു. പൊടിയും അഴുക്കും പുരണ്ട വസ്ത്രങ്ങൾ കീറിപ്പോയിരുന്നു. അച്ഛൻ എന്നെയും അനിയനെയും നിലവറയുടെ മറ്റൊരു മൂലയ്ക്ക് കൊണ്ടുപോയി ഇരുത്തിയതിനു ശേഷം പതുക്കെ മുകളിലേയ്ക്ക് പോയി. അച്ഛന്റെ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു. ഭാരമേറിയ അലമാര അച്ഛൻ വാതിലിന് കുറുകെ, എന്നാൽ പൂർണ്ണമായും വഴിമുടക്കാതെ ചരിച്ചു വച്ചു. എന്നിട്ട് പതുക്കെ വാതിൽ അടച്ച് തിരിച്ചുവന്നു നിലവറപൂട്ടി. ആരെങ്കിലും അകത്ത് കയറുവാൻ ശ്രമിച്ചാൽ ശബ്ദം കേൾക്കാനാണ് അദ്ദേഹം അങ്ങനെ ചെയ്തതെന്ന് എനിക്കു മനസ്സിലായി. അപ്പോഴേക്കും അമ്മ അവളുടെ ദേഹം തുടച്ച് മുറിവുകളിൽ മരുന്നു പുരട്ടി എന്റെ ഉടുപ്പും ഇടുവിച്ച് കിടത്തിയിരുന്നു. ഇനിയും ബോധം വീണിട്ടില്ല ആ കുട്ടിക്ക്. എന്താണ് അവർ കുട്ടിയോട് ചെയ്തതെന്ന് എനിക്ക് പൂർണ്ണമായും മനസ്സിലായില്ലെങ്കിലും അത് അച്ഛനോടും അമ്മയോടും ചോദിക്കുവാൻ എന്തുകൊണ്ടോ തോന്നിയില്ല. മോശമായതെന്തോ നടന്നു കഴിഞ്ഞു. ഒരുപക്ഷേ, ഞാനും ഇങ്ങനെ ആക്രമിക്കപ്പെട്ടേയ്ക്കാം എന്നെനിക്ക് തോന്നി. പേടിയേക്കാൾ കൂടുതൽ നിസ്സംഗതയാണ് എനിക്കപ്പോൾ തോന്നിയത്. അമ്മ പ്രാർത്ഥിക്കുന്നത് കണ്ടു. കണ്ണുനീർ ധാരധാരയായ് ഒഴുകുന്നുണ്ടായിരുന്നു. ഇത്ര ക്രൂരതകൾ അനുഭവിക്കുവാൻ വിട്ടിട്ട് എങ്ങോ പോയ് ഒളിഞ്ഞിരിക്കുന്ന ദൈവത്തോട് എനിക്ക് വിശ്വാസം നഷ്ടപ്പെട്ടു. എത്രയോ മനുഷ്യർ കൊല്ലപ്പെട്ടു? എവിടെയാണ് അമ്മയുടെ ദൈവം. എന്തേ രക്ഷിക്കാൻ വന്നില്ല? മനസ്സിൽ തോന്നുന്നതൊന്നും പുറത്തു പറയേണ്ടെന്ന് തോന്നി. അവരുടെ പ്രതീക്ഷ അങ്ങനെ തന്നെ നിലനിൽക്കട്ടെ!

നേതന്റെ കിടക്കയിലാണ് ആ കുട്ടിയെ അച്ഛനും അമ്മയും കിടത്തിയത്. അവൻ പരിഭവിക്കാതെ എന്റെ കൂടെ നിലത്തുവിരിച്ച കരിമ്പടത്തിൽ വന്നു കിടന്നു. മുകളിലത്തെ വാതിൽ തകർത്തതിനാൽ പ്രഭാതകർമ്മങ്ങൾക്കായിപോകുന്നത് കൂടുതൽ അപകടം പിടിച്ച ഒന്നായി മാറി. ആരെങ്കിലും അകത്തു കയറിയാൽ ശുചിമുറിയിലുള്ള ആൾ പിടിക്കപ്പെടും. സന്ധ്യ മയങ്ങിയിട്ടും ഉറക്കം വന്നില്ല. ഭയത്തിന്റെ നീണ്ടുകൂർത്ത നഖങ്ങൾ ഉള്ളിൽ കുത്തിയിറങ്ങുംപോലെ! ആ കുട്ടിയെ താഴേയ്ക്ക് കൊണ്ടുവന്നപ്പോൾ അച്ഛൻ അവളുടെ വായിൽനിന്നും പ്ലാസ്റ്റിക് കവറുകൾ എടുത്തു മാറ്റുന്നതു കണ്ടു. നിലവിളിക്കാതിരിക്കാനാവും അവരത് ചെയ്തത്. നിലവിളിച്ചാലും ആരും രക്ഷിക്കാനില്ലാത്ത മനുഷ്യരാണ് ഞങ്ങളൊക്കെ ഇപ്പോൾ. അമ്മ അവളുടെ വായിൽ ഒരു തുണിയിൽ വെള്ളം നനച്ച് വെള്ളിത്തുള്ളികളെ ഇറ്റിക്കുകയായിരുന്നു അപ്പോഴും. എനിക്ക് കരച്ചിൽ വന്നു. പക്ഷേ കണ്ണുനീർ വറ്റിപ്പോയെന്നു തോന്നുന്നു.

രാത്രിയിലെപ്പൊഴോ ചെറിയ ഞരക്കങ്ങൾ കേട്ട് ഞാൻ എണീറ്റപ്പോൾ അമ്മ കമ്പിളിപ്പുതപ്പുകൊണ്ട് ടോർച്ച് വെട്ടം മറച്ചുകൊണ്ട് ആ കുട്ടിയോട് സംസാരിക്കുന്നതാണ് കണ്ടത്. ആ കുട്ടിയുടെ മുഖം നീരുവച്ച് വീർത്തിരുന്നു. അമ്മ എന്തൊക്കെയോ അവളെ പറഞ്ഞു മനസ്സിലാക്കുവാൻ ശ്രമിക്കുകയാണെന്ന് എനിക്ക് മനസ്സിലായി. അച്ഛൻ ആ സമയം ജനാലകൾ മറച്ചു പിടിക്കാൻ ശ്രമിക്കുകയായിരുന്നു. ഞാൻ വേഗം എന്റെ കരിമ്പടം കൊണ്ട് ഒരു ജാലകവാതിൽ മറച്ചു. വെളിച്ചം പുറത്തുവീഴുമ്പോൾ ആരെങ്കിലും ശ്രദ്ധിച്ചാൽ ഞങ്ങൾ പിടിക്കപ്പെടും. അമ്മ വെളിച്ചം കെടുത്തി. ഞാൻ ശബ്ദമുണ്ടാക്കാതെ അവളുടെ അടുത്തുചെന്ന് “കുട്ടി പേടിക്കണ്ട” എന്ന് പറഞ്ഞു. വേദനകൊണ്ട് പുളയുമ്പോഴും ശബ്ദം പുറത്തുവരാതിരിക്കുവാൻ അവൾ കഴിവതും ശ്രമിച്ചു. “അമ്മ, അമ്മ” എന്നവൾ പതുക്കെ പിറുപിറുത്തു. “നമുക്ക് കണ്ടുപിടിക്കാം” എന്ന് ഞാനവളോടു പറഞ്ഞു, എങ്കിലും അ


Join our Dental Family of Friends!
We would love the opportunity to show you what truly exceptional dental care is all about. Our goal is to provide our patients with care that lasts a lifetime, and we are always very happy to have new patients become part of our family. We look forward to meeting you and caring for your dental health. We strive to make children of all ages feel at ease and enjoy themselves, so bring the whole family along!
Nevin Tchaoucheva, DMD
General Dentistry For Adults & Children
dentistry you can trust. from a dentist who cares.
FREE Initial Exam & Consultation
Includes Necessary X-Rays
Give us a call today!
248-449-4300
or visit our website:
www.DrNevinDMD.com
41714 Ten Mile Road, Novi, MI 48375
Dr. Nevin is a proud member of the American Dental Association, the Michigan Dental Association and the Detroit District Dental Society.


Graphic Design
Business Inquires: AxndoLLC@gmail.com
Digital Store: payhip.com/axndo
Previous Work: behance.net/axndo
Business Page: twitter.com/axpsd


BEST COMPLIMENTS
EAST MICHIGAN HOSPITALISTS
DR. DILEEP KUMAR
DR. VISWANADH VEGESNA
DR. KAMALAKAR NERUSU
DR.ANUPAMA DEVARA

വളുടെ അമ്മ ജീവനോടെ ഉണ്ടായിരിക്കില്ലെന്ന് എനിക്ക് തോന്നി.

രാവിലെ ഉണരുമ്പോൾ അമ്മ അവൾക്ക് ആഹാരം കൊടുക്കുന്നതാണ് കണ്ടത്. എണീറ്റിരിക്കാൻ അവൾക്ക് കഴിഞ്ഞില്ല. അച്ഛൻ അവളുടെ തല പൊക്കിക്കൊടുത്തു. മുഖവും ശരീരവും നീര് വച്ച് വീർത്തിരിക്കുന്നതു കണ്ടപ്പോൾ എനിക്ക് സങ്കടം വന്നു. നേതന്റെ കിടക്കയിലാണ് അവൾ കിടക്കുന്നത്. അത് നനഞ്ഞിരിക്കുന്നു. അമ്മയും അച്ഛനും ഉടനെ തന്നെ അവളെ അതിൽ നിന്നും മാറ്റി. പിന്നെയും അവൾ കിടക്ക നനച്ചു. എങ്ങനെയാണ് പതിമൂന്ന് പതിനാല് വയസ്സുള്ള കുട്ടി ഈ പ്രായത്തിലും കിടക്ക നനയ്ക്കുന്നത്? എണീക്കാൻ കഴിയില്ലെങ്കിൽ അമ്മയോട് പറയാമല്ലോ? പക്ഷേ അമ്മയും അച്ഛനും അവളോട് അതെക്കുറിച്ച് ഒന്നും പറഞ്ഞില്ല. അച്ഛൻ കിടക്കയിൽ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഷീറ്റുകൾ കിടക്കയിൽ വിരിച്ചു. അതിനുമുകളിൽ അവളെ കിടത്തി. രാത്രികളിൽ അവൾ ഞെട്ടി എണീക്കും. പനി പിടിച്ചു വിറയ്ക്കുമ്പോൾ അമ്മയുടെ കൈ മുറുകെപ്പിടിച്ചു കിടന്നു അവൾ. കണ്ണുകൾ എപ്പോഴും നിറഞ്ഞുനിന്നു. പക്ഷേ പതുക്കെപ്പതുക്കെ അവൾ ഞങ്ങളിൽ ഒരാളായി മാറി. ആൻ എന്നാണ് അവളുടെ പേര്. അച്ഛനെയും അനുജനെയും പട്ടാളക്കാർ കൊന്നതിന് ശേഷം അമ്മയെയും ആനിനേയും അവർ പിടിച്ചുകൊണ്ടുവരുംവഴി ആനും അവളുടെ അമ്മയും രക്ഷപ്പെടാൻ ശ്രമിച്ചു. അമ്മയെ അവർ വെടിവച്ചു വീഴ്ത്തി. പകച്ചു നിന്ന ആനിനെ ക്രൂരമായി ആക്രമിച്ചു. അവൾ ഇനി ജീവിക്കില്ലെന്ന് കരുതിയാവും ഇവിടെ ഉപേക്ഷിച്ചുപോയത്, അല്ലെങ്കിൽ അവർക്കിനി അവളെ ആവശ്യമുണ്ടായിരിക്കയില്ല. മുകളിൽ ആളനക്കം കേൾക്കുമ്പോഴൊക്കെ ഞങ്ങൾ പേടിച്ചുവിറച്ചു. അപ്പോഴൊക്കെ ആൻ കിടക്ക നനച്ചു. പാവം. അവൾക്കത് നിയന്ത്രിക്കുവാൻ കഴിയുന്നില്ല എന്നെനിക്ക് മനസ്സിലായി. എനിക്ക് പക തോന്നി. ആരെയൊക്കെയോ കൊന്നു കളയണമെന്ന് തോന്നി. പക്ഷേ ഞാൻ പൂർണ്ണമായും നിസ്സഹായയാണ്. നേതൻ അവന്റെ കളിപ്പാട്ടങ്ങൾ കൊണ്ട് കളിക്കുന്നത് ഞാനും ആനും നോക്കിക്കിടന്നു. ആനിനെയും നമ്മുടെ വീട്ടിൽ താമസിപ്പിക്കാമെന്ന് അച്ഛനോടും അമ്മയോടും പറയാമെന്ന് ഞാൻ കരുതി. ഞങ്ങളുടെ വീട് യുദ്ധത്തിൽ തകർന്നു പോയിക്കാണും ചിലപ്പോൾ. പക്ഷേ ഞങ്ങൾ എവിടെപ്പോകുന്നുവോ അവിടെ ആൻ ഞങ്ങളോടൊപ്പം ഉണ്ടാവുമെന്ന് ഞാൻ ഉറപ്പിച്ചു.

നിലാവുള്ള ഒരു രാത്രിയായിരുന്നു അത്. ആകാശത്തിന്റെ ഒരു ചെറിയ തുണ്ട് ജനലിൽക്കൂടി കാണാം. എത്ര ദിവസങ്ങളായി ഒന്നു വെളിയിലിറങ്ങിയിട്ട്? ജീവിച്ചിരിക്കുന്നുവെന്നത് തന്നെ ഈയവസരത്തിൽ ഒരു ആഢംബരമാണ്. എങ്കിലും പുറത്തുപോകാൻ, പഴയതുപോലെ എവിടെയും ഇറങ്ങി നടക്കാൻ, നക്ഷത്രങ്ങളെ പുൽമേടുകളിൽ മലർന്നുകിടന്ന് എണ്ണിത്തീർക്കാൻ.. എല്ലാറ്റിനും അടക്കാനാവാത്ത കൊതി തോന്നി.

എന്തിന് വേണ്ടിയാണ് ഈ ആളുകൾ യുദ്ധം ചെയ്യുന്നത്? അവരവരുടെ കാര്യം നോക്കി, മറ്റുള്ളവരുടെ മേക്കിട്ട് കേറാതെ, സമാധാനത്തോടെ സന്തോഷത്തോടെ സ്വയം ജീവിക്കുകയും മറ്റുള്ളവരെ ജീവിക്കുവാൻ അനുവദിക്കുന്നതും അത്ര പ്രയാസമേറിയ ഒന്നാണോ?

എനിക്ക് അച്ഛനും അമ്മയും നേതനുമുണ്ട്. പക്ഷേ, ആനിനെപ്പോലെ എത്ര കുട്ടികളുണ്ടാവും? കുട്ടികളെയും ഉറ്റവരെയും നഷ്ടപ്പെട്ട എത്രയോ മനുഷ്യരുണ്ടാവും ഇന്നീ രാജ്യത്ത്. ഈ നിരത്തുകളിൽത്തന്നെ എത്രയോ പട്ടാളക്കാർ കൊല്ലപ്പെട്ടു? വിരലിലെണ്ണാവുന്ന വ്യക്തികളുടെ സ്വാർത്ഥതയ്ക്കും ഹുങ്കിനും ലാഭത്തിനും അഹന്തയ്ക്കും വേണ്ടി എത്രയോ ജീവിതങ്ങൾ  താറുമാറാക്കപ്പെട്ടു? മുതിർന്നവരുടെ ലോകം എന്ത് വിചിത്രം!


നേരം പുലർന്ന് തുടങ്ങിയിരുന്നു. എന്തൊക്കെയോ ചിന്തിച്ച് ഇന്നലെ എപ്പോഴാണോ ഉറങ്ങിയത്? അമ്മയും അച്ഛനും നേരത്തെ തന്നെ എഴുന്നേറ്റു. നേതൻ ഇപ്പോഴും ഉറങ്ങുകയാണ്. ആനും അവനോടൊപ്പമുണ്ട്. അമ്മയെനിക്ക് കുടിക്കാൻ വെള്ളം തന്നു. പ്രഭാതകർമ്മങ്ങൾക്കായി മുകളിൽ പോകണം. അവിടെയൊക്കെ ധാന്യങ്ങൾ ചിതറിക്കിടക്കുകയാണ്. എല്ലാ സാധനങ്ങളും കൊള്ളയടിക്കപ്പെട്ടു. ശുചിമുറി അലമാരകൾക്കിടയിലൂടെ പോകുന്ന വഴിയിലാണ്. അതുകൊണ്ട് തന്നെ പെട്ടെന്നാരും അത് ശ്രദ്ധിക്കില്ല. ഞാൻ പതുക്കെ ശുചിമുറിയിലേയ്ക്ക് പോയി. അച്ഛൻ നിലവാതിൽക്കൽ കാത്തുനിന്നു. വെടിയൊച്ചകൾ അങ്ങനെ അധികമൊന്നും ഇന്നലെ കേട്ടതായി ഞാൻ ഓർക്കുന്നില്ല. വെളിയിൽ എന്തായിരിക്കും സംഭവിച്ചു കൊണ്ടിരിക്കുന്നത്? ജിജ്ഞാസയാണ് മനസ്സുനിറയെ. അകലെ എവിടെനിന്നോ എന്തോ ശബ്ദം കേൾക്കാം. ഞാൻ വേഗം ശുചിമുറിയിൽ നിന്നും നിലവറയിലേക്കോടി, അച്ഛന്റെ മറപറ്റി നിന്നു. അച്ഛൻ ജാലകങ്ങൾ വഴി നിരത്തിലേയ്ക്ക് നോക്കി, കാതുകൾ കൂർപ്പിച്ച് നിന്നു. ഒരു പട്ടാളവണ്ടിയാണ് വരുന്നത്. പക്ഷേ, ശത്രുരാജ്യത്തിന്റെയോ നമ്മുടെ രാജ്യത്തിന്റെയോ കൊടിയല്ല അതിൽ. അച്ഛൻ അമ്മയെ കണ്ണുകൊണ്ട് എന്തോ ആംഗ്യം കാണിച്ചു. അമ്മ ഉടനെ നേതനെയും ആനിനെയും ഉണർത്തി. അവർ എന്താണ് വിളിച്ചു പറഞ്ഞുകൊണ്ടിരിക്കുന്നതെന്ന് എനിക്ക് മനസ്സിലായില്ല. അച്ഛൻ നിലവറ തുറന്ന് മുകളിലേയ്ക്ക് പോയി. ഞാൻ ശ്രദ്ധാപൂർവ്വം നിരത്തിലേയ്ക്ക് നോക്കിനിന്നു. അച്ഛൻ നിരത്തിലേയ്ക്ക് നടക്കുന്നത് കാണാം. ഭയംകൊണ്ട് എനിക്ക് അനങ്ങാൻ പോലും കഴിഞ്ഞില്ല. പട്ടാളക്കാർ അച്ഛനെ കണ്ട് വണ്ടി നിർത്തി. അവർ തമ്മിൽ എന്തൊക്കെയോ സംസാരിക്കുന്നു. വണ്ടിയിൽ നിന്നും ഒരു പട്ടാളക്കാരൻ ഇറങ്ങി അച്ഛനോടൊപ്പം അകത്തേക്ക് വന്നു. അമ്മ ഒരു പെട്ടിയിൽ ഏറ്റവും അവശ്യസാധനങ്ങൾ കൈയിലെടുത്ത് നിന്നു. നേതനെ ഞാൻ ചേർത്തുനിർത്തി. അച്ഛനും പട്ടാളക്കാരനും കൂടി ആനിനെ എടുത്ത് പുറത്തെത്തിച്ചു. പിന്നാലെ ഞാനും നേതനും അമ്മയും പുറത്തിറങ്ങി. ഞങ്ങൾ ഇവിടെനിന്നും രക്ഷപ്പെടുകയാണ് എന്ന് വിശ്വസിക്കുവാൻ എനിക്ക് കഴിയുന്നില്ല. എങ്ങോട്ടാണ് ഇവർ ഞങ്ങളെ കൊണ്ടുപോകുന്നതെന്നും എനിക്കറിയില്ല. വഴിയിൽ എന്തു സംഭവിക്കുമെന്നറിയില്ല. എങ്കിലും അച്ഛന്റെയും അമ്മയുടെയും കണ്ണിലെ പ്രതീക്ഷയുടെ കിരണങ്ങൾ എന്നിലേയ്ക്കും പകർന്നു. നീലാകാശം മാത്രം പഴയതുപോലെ ചിരിച്ചുനിന്നു. മറ്റെല്ലാം പഴയതിൽ നിന്നും ഒരുപാട് മാറിയിരിക്കുന്നു; ഞങ്ങളും.

ബുക്ക് റിവ്യൂ



ലതാദേവി എൻ. പി.

# യൂദാസിന്റെ സുവിശേഷം




ഒറ്റുകാരാണ്, ഒരിക്കലും ഉറക്കം വരികയില്ല വിശപ്പടങ്ങുകയോ ദാഹം ശമിക്കുകയോ ഇല്ല. വെള്ളത്തിൽ മുങ്ങികിടന്നാലും അയാളുടെ ശരീരത്തിന്റെ പുകച്ചിൽ അണയുകയില്ല. മൂക്കറ്റം മദ്യപിച്ചാലും അയാളുടെ ബോധം മറയുകയുമില്ല.' ഇങ്ങനെയാണ് കെ.ആർ മീരയുടെ യൂദാസിന്റെ സുവിശേഷം എന്ന നോവൽ ആരംഭിക്കുന്നത്. അടിയന്തിരാവസ്ഥക്കാലത്തെ പോലീസിന്റെ നക്സൽ വേട്ടയുടെ പശ്ചാത്തലത്തിൽ പീഡനത്തിന്റെയും ഒറ്റിക്കൊടുക്കലിന്റെയും അതിനെത്തുടർന്നുള്ള ആത്മവേദനയുടെയും, കുമ്പസാരത്തിന്റെയും വേദനയ്ക്കപ്പുറം ആത്മാവുരുക്കി അലഞ്ഞു നടന്നു പിന്തുടർന്ന ഒരു പ്രണയത്തിന്റെ നേർക്കാഴ്ചയാണ് ഈ നോവൽ.

കായണ്ണ പോലീസ് സ്റ്റേഷൻ ആക്രമണവും അതിനോടനുബന്ധിച്ചു യുവാക്കളായ പതിമൂന്ന് പ്രതികളെ ശാരീരികമായി തളർത്തി, പീഡിപ്പിച്ചു കുറ്റം സമ്മതിപ്പിക്കുകയും കൂട്ടുപ്രതികളുടെ പേര് വിവരങ്ങൾ പറയിക്കുകയും ചെയ്യുന്നതിനുള്ള പോലീസിന്റെ ശ്രമവും ലോക്കപ്പ് കൊലപാതകങ്ങളും ഇതിൽ ഇതിവൃത്തമാകുന്നു. പതിനാലാമൻ ദാസ് എന്ന യൂദാസ് തന്റെ കാമുകി സുനന്ദയെയും സുഹൃത്ത് രാജനെയും ഒറ്റുകൊടുക്കുകയും പീഡനത്തിനിടയ്ക്ക് കൊല്ലപ്പെട്ട അവരുടെ ശവങ്ങൾ ദാസിന്റെ കൊണ്ടുതന്നെ കയത്തിൽ എറിയിക്കുകയും ചെയ്ത കടുത്ത ക്രൂരത ചെയ്ത പോലീസിനോടുള്ള പ്രതികാരവും, തന്റെ നാക്കിൽ നിന്നു തന്നെ കാമുകിയുടെയും സുഹൃത്തിനെയും പേരുകൾ പുറത്തുവരികയും അതുമൂലം അവർ കൊടിയ പീഡനത്തിന് ഇരയാവുകയും കൊല്ലപ്പെടുകയും ചെയ്തതിലെ ആത്മവേദന ദാസിനെ സ്വയം യൂദാസ് എന്ന് വിശേഷിപ്പിക്കാൻ നിർബന്ധിതനാകുന്നു. പ്രായശ്ചിത്തം പോലെ അയാൾ ശിഷ്ടജീവിതം, കയത്തിൽ മരിച്ചു പൊന്തുന്ന ശവങ്ങൾ മുങ്ങിയെടുക്കുന്ന ജോലി സ്വയം ഏറ്റെടുക്കുന്നു. ശവം കരയ്ക്കെത്തിച്ചാൽ തനിക്കു ചുറ്റിലും കഞ്ചാവ് പുകയുടെ വെളുത്ത വലയം തീർത്തു വീറോടെ ശവം മലർത്തിയിട്ടു കൊന്നത് ഞാനാ എന്ന് അഭിമാനത്തോടെ പ്രഖ്യാപിക്കുന്നതും ഈ ശവം എന്റെ പേരിലെഴുതിക്കോ എന്ന് പറയുന്നതുമൊക്കെ താൻ ഒറ്റുകാരാണെന്ന കുറ്റബോധത്തിൽനിന്നും ഉടലെടുത്തതും കാമുകിയുടെയും സുഹൃത്തിനെയും ജീവൻ ഹോമിച്ചത് താനാണെന്നുള്ള മാനസികവ്യഥ മൂലവുമാണ്.

ഈ യുദാസിനെയാണ് ഫ്യൂഡൽ നാലുകെട്ടിലെ സന്തതിയായ പ്രേമ തന്റെ പതിനഞ്ചാമത്തെ വയസ്സ് മുതൽ പ്രണയിക്കുന്നത്. അടിയന്തിരാവസ്ഥക്കാലത്തെ പോലീസ് മർദ്ദനങ്ങളിൽ അഭിമാനിക്കുന്ന പോലീസുകാരനായിരുന്നു പ്രേമയുടെ പിതാവ്. അടിയന്തിരാവസ്ഥക്ക് ശേഷം ജോലി രാജിവച്ചു. വീട് മറ്റൊരു കക്കയം ക്യാമ്പ് ആക്കി മാറ്റിയ അയാൾ ഭാര്യയെയും മക്കളെയും കൊടിയ പീഡനങ്ങൾക്ക് ഇരയാക്കി ആനന്ദം കൊണ്ടു. നിരന്തരമായ നക്സൽ കഥകളും അവരെ അടിച്ചമർത്തിയതും ക്രൂരമായി ദ്രോഹിച്ചതും അവരുടെ ചെറുത്തുനിൽപ്പും ബലം പ്രയോഗിച്ചുള്ള കീഴ്പ്പെടുത്തലുകളും തല്ലിച്ചതക്കലുകളുടെ വർണ്ണനകളും കേട്ടുകേട്ട് അതിനെ പ്രതിരോധിക്കുന്ന പ്രേമ വിപ്ലവകാരികളോട് ആരാധന മൂത്തു തന്നെത്തന്നെ ഒരു വിപ്ലവകാരിയായി സങ്കല്പിക്കുകയും ഫാസിസത്തിനെതിരെ വാളെ

ടുത്തു സ്വയം വിപ്ലവകാരിയാവുകയുമായിരുന്നു.അങ്ങനെ പലതവണ അവൾ കക്കയം ക്യാമ്പിലും കായണ്ണ പോലീസ് സ്റ്റേഷനിലെ കൊടിയ പീഡനങ്ങളും സ്വയം സങ്കൽപ്പിച്ചു അതൊക്കെ മനസ്സിലേക്ക് ആവാഹിച്ചെടുത്തു സ്വയം വിപ്ലവകാരിയെന്ന ലേബൽ ഉണ്ടാക്കി തന്റെ അച്ഛനെതിരെ നിശ്ശബ്ദമായി വാളെടുത്തു.ആരോടും പറയാനാകാത്ത ആത്മ സംഘർഷങ്ങള്ക്കിടയിൽ അവൾ ചിലപ്പോൾ പതിമൂന്നുപേർക്കൊപ്പം എന്തും നേരിടാൻ തയ്യാറായ പതിനഞ്ചു വയസ്സുള്ള പെൺകുട്ടിയായി പ്രേമയുടെ യുദാസിനോടുള്ള പ്രേമം തന്റെ അച്ഛനോടുള്ള അച്ഛന്റെ ക്രൂരതകളോടുള്ള പ്രതിഷേധമായിക്കാണാം. എഴുത്തുകാരി പറഞ്ഞപോലെ ഇതിനെ ഒറ്റു കാരന്റെ ആത്മ വ്യഥ മാത്രമായി കാണാതെ ഞാൻ മൂന്നായിക്കാനാൻ ആഗ്രഹിക്കുന്നു.

അടിയന്തിരാവസ്ഥക്കാലത്തെ കക്കയം ക്യാമ്പ് ക്രൂരതയിൽ അരിഞ്ഞെറിഞ്ഞ യുവരക്തങ്ങൾ അതിലിന്നും പശ്ചാത്തപിക്കാതെ അഭിമാനിക്കുന്ന, അതിൽത്തന്നെ ജീവിക്കുന്ന പ്രേമയുടെ പൊലീസുകാരനായ അച്ഛൻ ഉൾപ്പെടുന്ന അധികാര പ്രമാണിത്തത്തിന്റെ ഇന്നും നിലനിൽക്കുന്ന അപ്രമാദിത്തം.

താൻ കാമുകിയെയും കൂട്ടുകാരനെയും ഒറ്റിക്കൊടുത്തവൻ എന്ന കുറ്റബോധത്താൽ ദാസ് എന്ന പേരിനു പകരം യൂദാസ് എന്ന് സ്വയം പറഞ്ഞു അവനവനോടുള്ള പ്രതികാരമെന്നോണം സ്വന്തം ജീവിതം കുറ്റബോധത്തിൽ തീർക്കുകയും ശവങ്ങൾ മുങ്ങിയെടുത്തു പ്രായശ്ചിത്തം ചെയ്യുകയും ചെയ്യുന്ന ദാസൻ എന്ന യൂദാസ് മുന്നോട്ടുവയ്ക്കുന്ന വിപ്ലവചിന്ത.

തന്റെ അച്ഛന്റെ കൊടിയ പീഡനത്തിന്റെയും ക്രൂരതയുടെയും പരിഹാരമെന്നോണം യുദാസിനെ പ്രണയിക്കുന്ന പ്രേമ അയാളുടെ പിറകെ അയാൾക്കു താല്പര്യമില്ലാഞ്ഞിട്ടും പലതും സഹിച്ചു തന്റേതായ രീതിയിൽ വിപ്ലവത്തിൽ പങ്കെടുത്തു താനും തന്റെ ഇതുവരെയുള്ള ജീവിതവും ഒരു വിപ്ലവമല്ലേ എന്ന് ചോദിക്കുന്ന പ്രേമയുടെ നിസ്സഹായാവസ്ഥയും.

തന്റെ പതിനഞ്ചാം വയസ്സിലാണ് പ്രേമ യുദാസിനെ



Photo : thewire.in

പ്രണയിച്ചു തുടങ്ങുന്നത്. നാട്ടിലെ കയത്തിൽ പെടുന്ന ശവങ്ങൾ അതിവിദഗ്ദ്ധമായി മുങ്ങിയെടുക്കുന്ന യൂദാസ് അയാൾ നിഷേധിച്ചിട്ടും പ്രണയിക്കുകയായിരുന്നു.പോലീസ് സ്റ്റേഷൻ ആക്രമണ കേസിലെ പതിനാലാമത്തെ പ്രതിയാണ് യൂദാസ് എന്നറിയുന്ന പ്രേമയുടെ അച്ഛൻ തിരിച്ചറിഞ്ഞതിനെത്തുടർന്നു നാടുവിടുന്നു. വർഷങ്ങൾക്കു ശേഷം പ്രേമ പഠനത്തിനായി കോഴിക്കോട് എത്തുമ്പോൾ അവിടെ കല്ലായിപ്പുഴയിൽ പൊങ്ങിയ ശവം എടുക്കാൻ വന്നയാളെ തിരഞ്ഞുപോകുന്ന പ്രേമ യുദാസിനെ കാണുന്നു. അയാൾ അവളിൽ നിന്നും ഒഴിഞ്ഞുമാറുന്നു ആട്ടിയോടിക്കുന്നു എന്നിട്ടും. അവൾ അയാളോടുള്ള സ്നേഹത്തെ കുറിച്ച് സംസാരിക്കാൻ തുടങ്ങുമ്പോഴേക്കും അയാൾ സംസാരം മറ്റു പലതിലേക്കും വഴിതിരിച്ചുവിടുന്നു. അവൾ പലതും പറഞ്ഞു അവനിലെ സ്നേഹത്തെ ഉണർത്താൻ ശ്രമിച്ചു,കാരണം അവൾക്കു തുടർന്ന് ജീവിക്കാനുള്ള ആകെ ഒരേയൊരു കാരണമായിരുന്നു അയാൾ.അയാളുടെ തിരസ്ക്കാരം തന്റെ മരണമാണെന്ന തിരിച്ചറിയലിൽ അവൾ ശബ്ദമില്ലാതെ കരഞ്ഞു, അയാളെ അന്വേഷിച്ചു നടക്കുന്ന അവളെ അയാൾ രണ്ടുതവണ മാറോടു ചേർക്കുന്നുണ്ട്. അതിൽ അവൾ അയാളുടെ മനസ്സിനെയും വേദനയെയും സ്നേഹത്തെയും അറിയുന്നുണ്ട് അതിനാലാണ് അയാൾ ആട്ടിയോടിച്ചിട്ടും അവൾക്കയാളെ വിട്ടുപോകാനാകാത്തതു. അയാൾ ഇടയ്ക്കു മനസ്സ് തുറക്കുന്നുണ്ട് അതിലൂടെയാണ് വായനക്കാരൻ, അടിയന്തിരാവസ്ഥയെതുടർന്നുള്ള കൊടിയപീഡനങ്ങളുടെ കഥകളും സുനന്ദയുമായുള്ള പ്രണയവും അവളെ ഒറ്റുകൊടുക്കേണ്ടിവന്ന സാഹചര്യവും അതിൽ നൊന്തുള്ള ശിഷ്ടജീവിതവും മനസ്സിലാക്കുന്നത്. സുനന്ദയുമായുള്ള സ്നേഹത്തിന്റെ ആഴമറിയാൻ അവൾ അവൾ അവരുടെ വീടുതേടിപ്പോകുന്നു.കണ്ണടച്ചാൽ സുനന്ദയും മുങ്ങിപ്പോകുന്നന്നതും സ്വപ്നത്തിൽ കാണുന്ന യുദാസിന് മറ്റൊന്നും ഇല്ല മനസ്സിൽ അവസാനം കാണുമ്പോൾ അയാൾ പായുന്നുണ്ട് ഞാൻ പ്രേമയെ പ്രതീക്ഷിച്ച എനിക്കറിയാം നീ വരുമെന്ന് തേടിവന്നുകൊണ്ടിരിക്കുമെന്നു പഴയതൊക്കെ ഓർമ്മിപ്പിക്കാൻ അയാൾ തണുത്ത ശബ്ദത്തിൽ പറഞ്ഞുകൊണ്ടിരുന്നു.

പ്രേമയും ഒരു വിപ്ലവസമരത്തിൽ സുനന്ദയുടെ ചേച്ചിയുടെ മകളോടൊപ്പം പങ്കെടുക്കുകയും ചേച്ചിയുടെ മകളെ പോലീസ് കൊണ്ടുപോയി ശേഷം കായലിൽ ശവം പൊന്തുകയും ചെയ്തപ്പോൾ ഒട്ടും മടിച്ചുനിൽക്കാതെ പ്രേമ അവളെ മുങ്ങിയെടുക്കുന്നു. അതിനുശേഷം പോലീസിന്റെ പിടിയിൽ നിന്ന് രക്ഷപെടുത്താനായി നാട്ടുകാർ അവളെ സ്ഥലം മാറ്റുന്നു അവൾ എത്തിച്ചേരുന്നത് ഒറ്റുകാരനായ യൂദാസിന്റെ അടുത്താണ്.അവിടെ അവസാനമായി അവൾ അവനെ അപ്രതീക്ഷിതമായി കാണുന്നു. ഞാനും വിപ്ലവകാരിയല്ലേ എന്ന് ചോദിക്കുന്നിടത്തു നാം കരഞ്ഞുപോകുന്നു.

സുനന്ദയുടെ ശവം കായലിൽ ഇട്ടതിനു പകരമായി അവരുടെ ചേച്ചിയുടെ മകളുടെ ശവം തൻ മുങ്ങിയെടുത്തല്ലോ, അതോടെ ബാക്കിയുള്ള ഒരേയൊരു കടം വീടിയല്ലോ ഇനിയെങ്കിലും മരിച്ചുപോയവരെ ഓർ


"Home is not a place...
it's a feeling"
kw HOME
KELLERWILLIAMS.
Keller Williams Home Realty | 30500 Northwestern Hwy
Farmington HIlls | Michigan 48334
Sunil Paingol
734-674-1927
Sholy K
248-410-2794
www.sunilpaingol.kw.com | www.sholy.kw.com

ത്തിരിക്കാതെ എന്നെ സ്നേഹിച്ചുകൂടെ എന്ന് വളരെ ആർദ്രമായി പ്രേമ ചോദിക്കുന്നിടത്തു അവൻ തളർന്നു പോകുന്നു

ഒരു പാവം പെൺകുട്ടി താൻ ഇഷ്ടപ്പെട്ട പുരുഷനു വേണ്ടി ഒരു സാധാരണ പെണ്ണ് കാണുന്ന യാതൊരു ഗുണങ്ങളുമില്ലാത്ത ഒരുത്തനുവേണ്ടി കരഞ്ഞുവിളിച്ച് നാടുനീളെ അവനെ തേടി ആട്ടും തുപ്പുമേറ്റിട്ടും ആരോഗ്യം ക്ഷയിച്ചിട്ടും ചോര ഛർദിച്ചിട്ടും തനിക്കു വേദനകൾ മാത്രം സമ്മാനിക്കുന്ന അയാൾക്കുവേണ്ടി തുടിക്കുന്ന ഹൃദയവുമായി തനിക്കൊട്ടും പരിചയമില്ലാത്ത വഴികളിലൂടെ സംഭവങ്ങളിലൂടെ യാത്ര തിരിക്കുന്നു. അവസാനം അവൾ അവന്റെയടുത്തു എത്തിച്ചേരുന്നു. വീണ്ടും അവൻ അവിടെനിന്നും രക്ഷപ്പെടുമോ എന്ന ഭയത്താൽ ഉറങ്ങാതെ അവനുവേണ്ടി കാത്തിരിക്കുന്നിടത്ത്, ഇനിയെന്ത് എന്ന് വായനക്കാരന് ചിന്തിക്കാൻ വിടുന്നിടത്തു നോവൽ അവസാനിക്കുന്നു.

ഇത് ശവങ്ങളുടെ കഥയല്ല ആരോരുമില്ലാത്ത ഒരു പെൺകുട്ടിയുടെ തന്റെ ജീവൻ നിലനിർത്താൻ സ്നേഹിച്ച തന്റെ വിപ്ലവകാരിയുടെ സ്നേഹത്തിനുവേണ്ടി വിപ്ലവത്തിന് ഇറങ്ങിപ്പുറപ്പെട്ട ഒരു പാവം പെണ്ണിന്റെ കഥ. ഉള്ളുപൊള്ളയായ ഒരുവൾ തന്റെ കാമുകൻ ആദ്യം പ്രണയിച്ചത് ഒരു വിപ്ലവകാരിയെ ആണെന്നും താൻ ഒരു കഴിവുമില്ലത്തവളാണെന്നും ധരിച്ചു വിപ്ലവത്തിലൂടെ തന്റെ കാമുകന്റെ മനസ്സ് കയ്യടക്കാൻ നടത്തുന്ന ശ്രമങ്ങൾ കാണാതിരിക്കാനാകില്ല. അവൾ അവനു പിറകെ ഓടി വർഷങ്ങളോളം നിർത്താതെ.. അവനോ മറ്റൊന്നിന് പിന്നാലെയും അയാളുടെ നിഗൂഢമായ ജീവിതത്തെ പിന്തുടരുന്ന പ്രേമ അയാളിലെ വേദനിക്കുന്ന, കുറ്റബോധത്താൽ ഉരുകുന്ന പ്രാണനെ കണ്ടെത്തുകയും അയാൾ എത്രയാവർത്തി ആട്ടിയോടിച്ചിട്ടും ഒഴിവാക്കിയിട്ടും അയാൾക്കു പിറകേ സ്വന്തം ശാരീരികവും മാനസികവുമായ ആരോഗ്യം കളഞ്ഞ് അയാളെ നേടുവാനായി വിപ്ലവത്തിന്റെ വഴികളിലൂടെ സഞ്ചരിക്കുന്നു. പ്രേമത്തിൽ സ്ത്രീ വിഡ്ഢിയെപ്പോലെ പെരുമാറും എന്നത് എത്രമേൽ സത്യമാണ്. സ്വബോധം നഷ്ടപ്പെടുത്തി താൻ എന്തെന്ന് പോലും ഓർക്കാതെ ആരും ഒരു വിലയും കല്പിക്കാത്തവന് പിന്നാലെ, സ്വയം ജീവിതം ശാപമായി ചുമന്ന് നടക്കുന്ന ഒരുവന് പിന്നാലെ അവനുപോലും താല്പര്യമില്ലാതെ അലയുന്ന പ്രേമ. ആർക്കും അവിശ്വസനീയമായിത്തോന്നാവുന്ന ഒരു പ്രണയം പക്ഷെ വിശ്വസിക്കാനാകും കാരണം ഒരു വ്യക്തിയെ ഇഷ്ടപ്പെടാൻ നൂറായിരം കാരണങ്ങൾ വേണ്ട ഒരേയൊരു നിമിഷത്തെ എന്തെങ്കിലും ഒന്ന്, മനസ്സിൽ കണ്ട ഏറെക്കാലമായി കിട്ടാനാഗ്രഹിച്ച ഒന്ന് ഒരുവനിൽ ഉണ്ടെന്നു മനസ്സിലായാൽ അത് തനിക്കുള്ളതെന്ന ഉറപ്പിൽ അതിനെ ജീവശ്വാസമായി കൊണ്ടുനടക്കുന്ന പ്രണയം അത് സാധ്യമാണ് കഥകളിൽ മാത്രമല്ല ജീവിതത്തിലും.

മീര ഏറ്റവും തന്മയത്തോടെയാണ് ഈ നോവൽ കൈകാര്യം ചെയ്തിരിക്കുന്നത്. സ്ത്രീകഥാപാത്രങ്ങളിലൂടെ എന്നും എഴുത്തിൽ വിപ്ലവം സൃഷ്ടിച്ചിട്ടുള്ള എഴുത്തുകാരിയാണ് മീര. അടിച്ചമർത്തപ്പെട്ട, അവഗണിക്കപ്പെട്ട, മുഖ്യധാരയിൽ നിന്നും എന്നും മാറ്റിനിർത്തപ്പെട്ട സ്ത്രീകളുടെ നിശ്ശബ്ദ വിപ്ലവമാണ് മീരയുടെ ഓരോ എഴുത്തും.കഥാപാത്രത്തിലേക്ക് നമ്മെ സന്നിവേശിപ്പിച്ചു അവരുടെ ആത്മവേദന അനുഭവിപ്പിച്ചു ഉടനീളം കൈപിടിച്ചുനടത്തുവാനുള്ള മീരയുടെ കഴിവ് എടുത്തുപറയേണ്ടതുതന്നെയാണ്. യുദാസിന്റെയും പ്രേമയുടെയും ആത്മപീഢ സ്വയം അനുഭവിച്ചു ഈ പുസ്തകം വായിച്ചു പൂർത്തിയാക്കിയത്.

കെ ആർ മീരയുടെ വാക്കുകള കടമെടുത്തുകൊണ്ട് പറയുന്നു 'ജയിക്കുന്നതും തോല്ക്കുന്നതും പ്രശ്നമല്ല, തിരിച്ചറിയുന്നതും ചെറുത്ത് നില്ക്കുന്നതും ആണ് പ്രധാനം.'




# DMA DHWANI FALL PHOTOGRAPHY CONTEST WINNERS



**FIRST PIZE**
**DIVYA DAS**




**SECOND PRIZE**
**SHRUTI SHAH**





**THIRD PRIZE**
**ROOPESH POOKANDY**

## CONSOLATION PRIZES


























# ഹിമക്കരടി മയങ്ങുന്ന പുഷ്പ താഴ്‌വര

**കെ ആർ അജയൻ**

'ഞാനെന്റെ മിഴികളെ
കുന്നുകളിലേക്കുയർത്തും
അവിടെയാണല്ലോ
എന്റെ ചൈതന്യവും സഹായവും'

ശവകുടീരത്തിലെ തിളങ്ങുന്ന വരികൾക്ക് ഓർമയുടെ സംഗീതമുണ്ട്. വിടരും മുമ്പേ കൊഴിഞ്ഞ പൂവിതളിന്റെ മൗനമുണ്ട്. അകലെയൊഴുകുന്ന പുഴയോട് ചേരുന്ന കണ്ണീരിന്റെ നനവുണ്ട്. ജോവാൻ മാർഗരറ്റ് ലെഗ്ഗേയെന്ന 54കാരി ഒരു വസന്ത കാലത്തിനുകൂടി നിൽക്കാതെയാണ് ഈ താഴ്‌വരച്ചെരുവിൽ മരണത്തിന്റെ ചങ്ങാതിയായത്. വാലി ഓഫ് ഫ്ളവേഴ്സ് എന്ന പൂക്കളുടെ താഴ്‌വരയിൽ നിൽക്കുമ്പോൾ ആ ബ്രിട്ടീഷുകാരി മദാമ്മയെ എങ്ങനെ ഓർക്കാതിരിക്കും. ഒരു പക്ഷേ ഈ പൂക്കളുടെ താഴ്‌വരയ്ക്ക് അമിതസൗന്ദര്യം നൽകി ജോവാൻ മറഞ്ഞ ആ ജൂലൈക്കാലത്തെയും.

ഉത്തർഖണ്ഡിലെ ഗോവിന്ദാഘട്ടിന് ഇന്നത്തേതിനേക്കാൾ ചന്തമായിരുന്നു ഞങ്ങളെത്തിയ ജൂലൈയിലും. മലവെള്ളപ്പാച്ചിലിന്റെ മരണഗന്ധമില്ലാതെ ഭാഗീരഥിപ്പുഴ ഒഴുകിയ കാലം. മറ്റൊരു യാത്ര കഴിഞ്ഞെത്തിയ ഇടവേളയിലാണ് വാലി ഓഫ് ഫ്ളവേഴ്സ് മനസിൽ പൂവിട്ടത്. കുറേ നാൾ കുന്നായ കുന്നൊക്കെ കയറിയിറങ്ങിയതിന്റെ ക്ഷീണമുണ്ടെങ്കിലും പുഷ്പ താഴ്‌വരയെന്ന് കേട്ടപ്പോൾ പിന്നെ ഇരിപ്പുറപ്പുണ്ടായില്ല. പിറ്റേന്ന് പുലർച്ചെ ജൂലൈ മഴയുടെ നേർത്ത താളത്തിനൊപ്പം ഗോവിന്ദാഘട്ടിലെ ഗലികൾക്കിടയിലൂടെ ഭാഗീരഥിപ്പാലവും കടന്ന് നടന്നു തുടങ്ങി. 17 കിലോമീറ്ററുണ്ട് കയറാൻ. പുൽനാ ഗ്രാമം വരെ എത്താനുള്ള മൂന്ന് കിലോമീറ്റർ കുത്തുകയറ്റമാണ്. യാത്രതന്നെ ഉപേക്ഷിച്ചാലോ എന്നു തോന്നിപ്പിക്കുന്ന കയറ്റം. ഗംഗേരിയാ ഗ്രാമം വരെ അത്ര കടുപ്പമല്ല. ബൈന്ദാർ താഴ്‌വരയുടെ കുളിരിനൊപ്പം സ്വപ്നം കണ്ട് സാവധാനം നടക്കാം. ബൈന്ദാറിൽ നിന്നാണ് വഴിതിരിയുന്നത്. ഹേംകുണ്ഡ് സാഹിബ് എന്ന സിഖ് ഭക്തി കുടീരത്തിലേക്കും, വാലി ഓഫ് ഫ്ലവേഴ്സിലേക്കും.

1931 ലാണ് എറിക് ഷിപ്ടന്റെ നേതൃത്വത്തിലുള്ള ബ്രിട്ടീഷ് സംഘം കാമെറ്റ് പർവ്വതം കീഴടക്കാൻ യാത്ര തിരിച്ചത്. ഫ്രാങ്ക് എസ് സ്മിത്ത്, ആർ എൽ ഹോൾഡ്സ്‌വർത് ഉൾപ്പെടെ പ്രഗൽഭരാണ് ഒപ്പം. ഇടയ്ക്ക് വഴി തെറ്റി അലയുമ്പോൾ ഫ്രാങ്കിന്റെ കണ്ണുകളിലാണ് ആ താഴ്‌വര പൂത്തുലഞ്ഞത്. താഴ്‌വരയോരം പറ്റി കുണുങ്ങിയൊഴുകുന്ന പുഴ. മിഴി കൂമ്പി ആകാശ പ്രാർഥനയിലായ ബ്രഹ്മകമലങ്ങൾ. എണ്ണിയാൽ തീരാത്തത്ര നിറങ്ങളുടെ സങ്കലനം. ഫ്രാങ്ക് എസ് സ്മിത്ത് അവൾക്കൊരു പേരു നൽകി, പൂക്കളുടെ താഴ്‌വര (Valley of flowers).

ഉത്തർഖണ്ഡ് വനംവകുപ്പിന്റെ നിയന്ത്രണത്തിലാണ് പുഷ്പ താഴ്‌വര. മലകൾക്കിടയിലൂടെ പുഷ്പാവതിപ്പുഴയൊഴുകുന്നു. ഇരുവശങ്ങളിലും ഇലപൊഴിക്കുന്ന പൈൻമരക്കാടുകൾ. സ്വപ്നങ്ങളുടെ താഴ്‌വരയാണിത്. ജംഗൽചട്ടിയിലേക്ക് രണ്ട്കിലോമീറ്റർ, അവിടെനിന്ന് എട്ടുകിലോമീറ്റർ കൂടി നടന്നാൽ ഗാംഗേരിയിൽ എത്താം. അവിടെ ഗഡ്വാൾ മണ്ഡൽ വികാസ് നി ഗമിന്റെ (ജി.എം.വി.എൻ) ഒരു ഗസ്റ്റ്ഹൗസുണ്ട്. ജംഗൽചട്ടി ചെറിയൊരു ഗ്രാമമാണ്. ഒരു ഉൾനാടൻ ഹിമാലയ ഗ്രാമത്തിന്റെ ലക്ഷണമൊന്നുമില്ല. മിക്കതും കോൺക്രീറ്റ് കെട്ടിടങ്ങൾ. ടെലിവിഷൻ ആന്റിനകളും മൊബൈൽ ടവറുമൊക്കെയുണ്ട്. ഓരോ വീടിനുപിന്നിലും അകലെ കുന്നുകളിലേക്ക് നീളുന്ന കൃഷിയിടങ്ങൾ.



തപ്പിത്തടഞ്ഞാണ് ഓരോ ചുവടും വയ്ക്കുന്നത്. കുന്നുകയറിയെത്തുമ്പോൾ ഇടത്തേയരികിലെ കൂറ്റൻ പാറയിൽ അക്ഷരങ്ങൾ ചിരിക്കുന്നു,

'പൂക്കളുടെ താഴ്‌വര,
ഭൂമിയിലെ സ്വർഗ്ഗം
വരിക, ഈ ആനന്ദം
മതിയാവോളം നുകരുക'

ഉത്തർഖണ്ഡ് വനംവകുപ്പിന്റേതാണ് വരികൾ.

പുഷ്പ താഴ്‌വര അത്ര നിസ്സാരമല്ല. ലോക ഹെറിറ്റേജ് ലിസ്റ്റിൽ ഇടംപിടിച്ചയിടം. അതിനും മീതെ ഏഷ്യൻ കരിങ്കരടി, ഹിമക്കരടി, ചെമ്പൻകരടി, ചെമ്പൻകുറുക്കൻ, ഇങ്ങനെ വംശനാശത്തിന്റെ പടിയെണ്ണുന്ന അപൂർവ്വ ജീവികളുടെ വാസയിടം. സസ്യജാലങ്ങളുടെ കാര്യം പറയാനാകാത്തവിധം വൈവിധ്യം. ആകാശക്കാഴ്ചയ്ക്കിറങ്ങുന്ന കൂറ്റൻ കടവാവലുകളുടെ സങ്കേതം. 3352 മുതൽ 3658 മീറ്റർ വരെ ഉയരത്തിൽനിന്ന് താഴേക്ക് ചാഞ്ഞുകിടക്കുന്ന താഴ്‌വരങ്ങൾ. എത്ര പറഞ്ഞാലും പറഞ്ഞാലും തീരാത്ത മേന്മകൾ ഈ താഴ്‌വരയ്ക്കുണ്ട്. ഇവിടേക്കുള്ള പ്രവേശനത്തിന് കർശന നിയന്ത്രണമാണ്. ജൂൺ മുതൽ ഒക്ടോബർ 31 വരെയാണ് സഞ്ചാരികളെ അനുവദിക്കുക. വഴി പലയിടത്തും തകർന്ന് കിടപ്പാണ്. പകരം നിർമ്മിച്ചിട്ടുള്ള ഊടുവഴിയാണ് ശരണം. പൈൻ മരങ്ങൾ ഇടവിട്ടിടവിട്ട് നിൽക്കുന്നതിനാൽ അവയിൽ പിടിച്ച് തൂങ്ങിക്കയറാം. ഗോവിന്ദാ ഘട്ടിൽനിന്ന് ഗംഗേരിയവരെ ഹെലികോപ്ടർ സർവീസുണ്ട്. വെറും പത്തുമിനിറ്റുകൊണ്ട് ഗംഗേരിയയിൽ എത്താം. അവിടെനിന്ന് പുഷ്പ താഴ്‌വരയിലേയ്ക്കും ഹേംകുണ്ഡ്സാഹിബിലേക്കും നടക്കാം.

സന്ധ്യയോടെ ജി.എം.വി. എന്നിൽ എത്തിച്ചേർന്നു. പിറ്റേന്ന് പുലർച്ചെതന്നെ യാത്ര തുടങ്ങി. ഗംഗേരിയ ഒരു ചെറിയ ഗ്രാമപട്ടണമാണ്. പൊതുചന്തയും വ്യാപാരയിടങ്ങളുമൊക്കെയുണ്ട്. ഒരു മണിക്കൂർ നീളുന്ന വീഡി





യോ കാണാൻ സൗകര്യമുള്ള മിനി തിയറ്റുകൾപോലുമുണ്ട്. ഇവിടെ. ഇത്തിരി നടന്ന് മുകളിലെത്തുമ്പോൾ വഴി രണ്ടായി തിരിയുന്നു. ഒന്ന് പുഷ്പ താഴ്‌വരയിലേയ്ക്ക് മറ്റൊന്ന് ഹേംകുണ്ഡ് സാഹിബിലേക്കും. ഇടത്തേക്കുള്ള വഴി തുടങ്ങുന്നിടത്തുതന്നെ കൂറ്റൻ കമാനമുണ്ട്. 'ലോക പാരമ്പര്യയിടത്തേക്ക് സ്വാഗതം.' 2004 ലിലാണ് യുണെസ്കോ ഈ പ്രദേശത്തെ ലോക ബയോസ്ഫിയർ റിസർവ്വിന്റെ ഗണത്തിൽ പെടുത്തിയത്. 1980 ൽ സഞ്ജയ് ഗാന്ധി നാഷണൽ പാർക്ക് എന്നാണ് ഇവിടം അറിയപ്പെട്ടത്. അതേവർഷം വന്യജീവി സംരക്ഷണ നിയമപ്രകാരം പുഷ്പ താഴ്‌വരയെ ദേശീയോദ്യാനമാക്കി. 1982 ൽ ഇവിടമുൾപ്പെടെ ചേർത്ത് നന്ദാദേവി ദേശീയോദ്യാനം നിർമ്മിച്ചു. 1988 ലും 2000 ത്തിലും കോർസോണുകൾ ഉൾപ്പെടുത്തി വിപുലീകരിച്ചു.

പാർക്കിന്റെ കവാടത്തിൽ അവിടത്തെ അപൂർവ്വ പുഷ്പങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൂക്കളുടെ പേരിനൊപ്പം അത് പുഷ്പിക്കുന്നതും എത്രനാൾ നിൽക്കുമെന്നതും ശാസ്ത്രീയ നാമവുമൊക്കെയുണ്ട്. ഞങ്ങൾ ചെല്ലുമ്പോൾ ഒരു വസന്തം പെയ്തുതോർന്നതിന്റെ ലക്ഷണമാണ്. ചവിട്ടിപ്പോവുന്ന കൽപ്പടവിലേക്ക് വലിഞ്ഞു കയറിയ താറാപ്പച്ചയിൽപ്പോലും നക്ഷത്രത്തിളക്കത്തോടെ പൂക്കൾ. അരികിലെ വള്ളിപ്പടർപ്പുകളിൽ പലനിറമാണ് മൊട്ടിട്ട് വിരിഞ്ഞുനിൽക്കുന്നത്. സൂര്യകാന്തിയെപ്പോലെ ഇതളിട്ട മഞ്ഞപ്പൂക്കൾ കുന്നുകൾ, കുന്നുകൾ കടന്ന്പോകുന്നു. വെളുത്ത കമ്മൽപ്പൂവുകൾ വഴിയിലേക്ക് ചാഞ്ഞുകിടക്കുന്നു. വാഴക്കൂമ്പുപോലെ വിടർന്ന തവിട്ടുനിറമുള്ള പൂക്കളുടെ തുഞ്ചത്ത് വിത്തുനിറഞ്ഞ സഞ്ചി. അതിനടുത്തെത്തി ഒന്നുകൊത്തിനോക്കി പറക്കുന്ന തൂക്കണാം കുരുവി.

ഉയരംകുറഞ്ഞ മരങ്ങളിൽ ഊഞ്ഞാൽ പോലെ ഞാന്നുകിടക്കുന്ന വള്ളികളിൽ ഇളംനീല പൂക്കൾ. വഴിയിലെ പാറകൾക്കുമീതെ വേരുറപ്പിച്ച് പൊന്തപോലെ മറിഞ്ഞുകിടക്കുന്ന വെളുത്ത പൂക്കൾ, അതിലെ വെളുത്ത മീശരോമങ്ങളിൽ മഞ്ഞ് തിളങ്ങിനിൽക്കുന്നു. കുത്തുകയറ്റമാണ് മുന്നിലെങ്കിലും അതൊന്നും അറിയുന്നില്ല. പൂങ്കാവനമാണ് ചുറ്റിലും. പേടിപ്പിക്കുന്ന മുള്ളുപോലുള്ള ഇലകൾ വഴിയിലേക്ക് നീണ്ടുനിൽക്കുന്നു. അവയ്ക്ക് മധ്യത്തിൽ മുകളിലേക്ക് ഉയർന്ന തണ്ടിൽ വെള്ളയും കാവിയും ചേർന്ന പൂക്കുടന്നകൾ. പാമ്പിഴയുന്ന നേർത്ത തണുപ്പുള്ള പൊന്തയിൽ ഇളം പിങ്ക് പൂക്കൾ തലനീട്ടുന്നു. അടുത്ത കുന്നിലേക്ക് കയറി തിരിഞ്ഞുനോക്കുമ്പോൾ പിന്നിട്ട വഴി കാണുന്നില്ല.എവിടെ നോക്കിയാലും പുക്കൾ മാത്രം. മുന്നിൽ പുഷ്പാവതിപ്പുഴ ഒഴുകുന്നു. അകലെ മഞ്ഞിൻ തലപ്പണിഞ്ഞ് ലക്ഷ്മണ പർവതം. അങ്ങേച്ചരുവിൽ പൂച്ചെടികൾ മൂടി ജോവാൻ മർഗരറ്റ് ലെഗ്ഗേയുടെ ശവകുടിരം.

നേരം ഉച്ചയാകുന്നു. കുന്നുകൾ, കുന്നുകൾ കടന്ന് പുഷ്പത്താഴ്‌വര നീളുന്നു. കയറിയിറങ്ങി നടക്കാൻ ഇനിയും ഒരുപാടുണ്ട്. പക്ഷെ ഞങ്ങൾക്ക് കുന്നിറങ്ങിയേ പറ്റൂ. ഗോവിന്ദാഘട്ടിൽ എത്രത്തോളം നേരത്തെയെത്തുമോ അത്രയും നന്ന്. പിറ്റേന്ന് ബദ്രിയിലേക്ക് യാത്ര തുടങ്ങാനുള്ളതാണ്.



Spark Building Energy Solutions
WWW.sparkbuildingenergy.com

One Stop For All your Energy Solutions...




WHY CHOOSE US
Highly Optimize your Project for Maximum Rate of Return
Strong Porfolio of sucessfully completed projects
Dedicated team of Technical people with a vision towards sustainable future

Call us to go green...
+1 734-335-0430

Nextgen- NRI Gurukul
Grooming Nextgen NRI Kids


Ph: +1 248 914 7094
Email: info@nextgennrigurukul.com
www.nextgennrigurukul.com

Want to bridge the culture gap in NRI-kids with quality teaching resources/teachers ?

Nextgen-NRI Gurukul - a one stop destination for developing NRI children (aged 4-16) to their fullest potential, despite lack of quality parenting time.

PROGRAMS WE OFFER

- **Maathrbhaasha Unlimited**
  Indian language lessons for children struggling with their mother tongue and unable to mingle with grandparents and extended family members.
- **Incredible India Demystified**
  Culture oriented classes in English to empower the next generation of NRI children to appreciate India's tradition-rich culture.
- **Shatranj Dhi**
  The science of chess. A platform to facilitate the Indian game of chess as a hobby or profession, aid digital de-addiction and help children with focus issues, learning disability etc.
- **Personalized Academic Assistance**
  Personalized in line with their respective school district's curriculum to help them score better in school. Mother is the best teacher, but a motherly teacher can help too!
- **Nextgen Global Citizens**
  To prepare your child for life and progressively build ethical and moral values tied to their roots.




**ജെ. സി ജെ.**
**ന്യൂയോർക്ക്**

# കാനന തപസ്വി

പൂവുകളെ ഞാൻ സ്നേഹിക്കുന്നു
പൂവിടാനുള്ള ചെടിയുടെ കഴിവിനാൽ
വശീകരിക്കപ്പെടുന്നു
പൂക്കൾ അല്പയാസ്സുക്കളാണ്
മരം ഒരു ജന്മത്തിൽ
അനേകം ജന്മങ്ങളെ കാണുന്നു
അവ തപസ്വികളാണ്
കൊടുംതണുപ്പിൽ
നഗ്നശരീരികളായ് തപം ചെയ്യുന്നവർ
ശീതകാലം വലവീശി
ജീവനുള്ളതെല്ലാം ഓടിയൊളിച്ചു
ചെടികൾകക്കാവലില്ലല്ലോ
വേനലിൽ
ചൂടും, വിഷവും പാനം ചെയ്യുക
സുഗന്ധനിശ്വാസം പരത്തുക
ഈ മരത്തോടു ചോദിക്കൂ
എത്ര തലമുറകൾ
നിന്റെ മുന്നിലൂടെ കടന്നുപോയി
എന്തെല്ലാം കണ്ടുവെന്ന്
കാലം തന്നിലേൽപ്പിച്ച ആഘാതം
ഉള്ളിലാവഹിച്ച മുത്തച്ഛൻ
ചില്ലകൾ കൊണ്ട് തഴുകിപ്പറയും
തന്നെ കീറിമുറിച്ചാൽ പഠിക്കാമെന്ന്
പൂക്കൾ കന്യകകൾ
കവി കാനനതപസ്വി
കാനനതപസ്വി ഒരു മരം
കാവ്യപുഷ്പങ്ങളുടെ ചെണ്ടുകൾ
സവിതാവിന്റെ കരസ്പർശം കൊണ്ട് വിരിയുന്നു
മനസ്സിൽ വീണുകിടക്കുമതിന്റെയിതളുകൾ.

*ജെ സി ജെ എന്ന തൂലികാ നാമത്തിൽ എഴുതുന്നു. 'സഹ്യപുത്രി', 'പരിഭ്രമത്തിന്റെ പാനപാത്രം' എന്നീ രണ്ട് കാവ്യസമാഹാരങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.*





# DMA CHARITY REPORT 2022 – January - July

Sudarsana Kurup


വിശ്വജ്യോതി ചാരിറ്റബിൾ സൊസൈറ്റി
റാന്നി പെരുനാട്
രജിസ്റ്റർ നമ്പർ PTM/TC/148/2021
viswajyothicharityservice@gmail.com, 9188315679

പ്രിയ സുഹൃത്തേ,

പത്തനംതിട്ട ജില്ലയിൽ ശബരിമല ഉൾപ്പെടുന്ന റാന്നി പെരുനാട് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന വിശ്വജ്യോതി ചാരിറ്റബിൾ സൊസൈറ്റി ശബരിമല തീർത്ഥാടകർക്കും പൊതുജനങ്ങൾക്കും സേവനം ലഭ്യമാകുന്ന തരത്തിൽ ആംബുലൻസ് സേവനം ആരംഭിക്കുവാൻ തയ്യാറെടുക്കുന്നതിന്റെ ഭാഗമായാണ് ഈ കത്ത് എഴുതുന്നത്.

നിലവിൽ ആംബുലൻസ് സേവനം ലഭ്യമല്ലാത്ത പെരുനാട്ടിൽ തോട്ടം തൊഴിലാളികളും വനവാസികളും ദിവസ വേതനക്കാരും ഭൂരിപക്ഷമുള്ള നമ്മുടെ ഈ പ്രദേശത്ത് ഒരു ആംബുലൻസ് സേവനം അത്യാവശ്യമാണ്.

നാട്ടിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നിസ്വാർത്ഥരും പൊതുജന സേവന സന്നദ്ധരുമായ പ്രവർത്തകർ ചേർന്നാണ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്. മഹാമാരിയുടെയും പ്രളയത്തിന്റെയും സമയങ്ങളിൽ ജനങ്ങൾക്ക് നിരവധി സേവന പ്രവർത്തനങ്ങൾ നാടിന്റെ നാനാ ഭാഗത്തുള്ള അർഹരായവർക്ക് വേണ്ടി ചെയ്യുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്.

ഒരു ആംബുലൻസ് സേവനം ആരംഭിക്കുവാൻ വാഹനം വാങ്ങുന്നതിനായി 15 ലക്ഷത്തോളം രൂപ സമാഹരിക്കേണ്ടതുണ്ട്. ഈ ലക്ഷ്യത്തിലേക്ക് എത്തുവാൻ താങ്കളാൽ കഴിയുന്ന ഒരു തുക സംഭാവനയായി നൽകണമെന്ന് അപേക്ഷിക്കുന്നു. താങ്കളുടെ സഹായിക്കാനുള്ള മനസ്സിന് ആദ്യമേ നന്ദി അറിയിക്കുന്നു. വിശാല മനസ്കരായ താങ്കളെപ്പോലുള്ളവരുടെ സഹായത്തോടെ ലക്ഷ്യത്തിലേക്ക് എത്തിച്ചേരുവാൻ സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.


എന്ന് വിശ്വജ്യോതി ചാരിറ്റബിൾ സൊസൈറ്റിക്ക് വേണ്ടി

പ്രസിഡന്റ്
സാനു ടി എസ്
9061669674

ജനറൽ സെക്രട്ടറി
വിനോദ് എം എസ്
7034556979

**ACCOUNT DETAILS**
State Bank of India, Athikkayam
Name : Viswajyothi Charitable Society
Account Number : 00000040476653325
IFS Code : SBIN0071035

**Financially supported Viswajyothi Charitable Society, Ranni- Perunad to buy an ambulance where ambulance service is difficult for the community.**


VISWAJYOTHI CHARITABLE SOCIETY
Reg.No. PTM/TC/148/2021
Ranni-Perunad, Mob : 9061669674, 7034556979
RECEIPT
No. 5 Date 02/7/2022
Received with thanks from Detroit Malayalee Association and friends
the sum of Rs. Fifty Seven thousand and Seven hundred fifty
by cheque/Cash on A/C of donation towards charitable services.
₹ 57,750
Received by
Signature



Check handed over by Sri. Raju Pillai for the ambulance vehicle booked by Vishwa Jyothi Charitable Socitey. Socitey President Sanu Mambara, Vice President Arun Anirudhan and Socitey Member Haridas received them and expressed their gratitude.

ആർപ്പൂക്കര പഞ്ചായത്തിലെ ഒരു അവികസിത പ്രദേശമായ കരിപ്പ എന്ന സ്ഥലത്ത് ഉള്ള ഒരു സാധുകുടുംബമാണ് ചക്കുങ്കൽ സുരേന്ദ്രന്റെയും സുമതിയുടെയും കുടുംബം. അവർക്ക് മൂന്നു മക്കളാണ്. ദൈവം ഈ സാധു ദമ്പതികൾക്കുനൽ കിയ മൂന്നു മക്കളും ജന്മനാ 50 ശതമാനത്തിൽ അധികം ബുദ്ധിമാന്ദ്യം (mental retradation) ഉള്ളവരാണ്. മൂത്ത മകൻ മാത്രമേ കടയിൽ പോയി ഒരു കിലോ അരിയെങ്കിലും വാങ്ങിക്കൊണ്ടു വന്ന് ആ കുടുംബത്തിന് ഒരു സഹായമുള്ളൂ. ഈ കുടുംബത്തിന് എന്തെങ്കിലും സഹായം ചെയ്താൽ നല്ലതാണ് എന്ന് എനിക്ക് ഉത്തമബോദ്ധ്യമുണ്ട്.


***ആനന്ദ്പഞ്ഞിക്കാരൻ***
*ആർപ്പൂക്കര പഞ്ചായത്ത് മുൻ പ്രസിഡന്റ്*








Financially supported Serine Jeniliya, a 6th. standard student from Udumalapet to purchase hearing aid. Rajesh Kutty's parents handing over DMA's check



12.01.2022

Dear Doctor,

Thank you very much for MS.SHERIN JENILIA for PTA & HAT. We have attached the detail report for your kind perusal. Kindly correlate the reports with your clinical diagnosis. The impressions and Recommendations are written below for your quick glance.

PURE TONE AUDIOGRAM:

RE: PROFOUND HEARING LOSS
LE: SEVERE SN WITH MIXED HEARING LOSS

RECOMMENDATION:

ENT REVIEW
HEARING AID TRIAL AND FITTING
COUNSELING
FOLLOW UP

With Regards
(Audiologist/Clinician)



QUOTATION

DATE: 20.06.2022


To

J.SERIK JENILIA,
THALI ROAD,
BODI PATTI,
UDUMALAI PETTAI,
TIRUPPUR.
Contact no-7708598450

Dear Sir/Madam,

As desired by you, we are pleased to enclose our quotation for your favorable consideration. We believe that you will find our offer as quite attractive and cost effective to your needs. In case you require any further clarifications or details please do feel free to contact us. Cell: 98430 78635

| MODEL | HEARING AID | QUANTITY | RATE |
|---|---|---|---|
| BTE<br>BTE | DYNAMO SP4<br>DYNAMO SP4 | 1<br>2 | 27000<br>27000*2=54000 |



## Help Us For Liver Transplant

Syam(37) is suffering from **Liver Cirrhosis** and is in need of an immediate Liver **Transplant Surgery**. He is at present under treatment in **Lisie Hospital, Kochi.**
The cost of surgery is approximately 35 lakhs.
He has a family of 5, wife and 3 girl children, elder 8 years and twins of 2.5 years.
They are in no position to raise the above amount. He is the only hope for their future.
Request you all kind hearted to donate any amount possible ,small or big to help the family and to get the surgery done as early as possible. And request you to share the message to all you know.

Syam(37)

South Indian Bank
Lourde's Hospital Eranakulam Branch
Acc. Holder Name : Praseetha K. (wife)

A/c No. 0418053000013948
IFSC: SIBL0000418
google Pay (Praseetha Syam)
8547883118

Above is request from us - Friends and Colleagues of the Diseased



Department of GI Surgery
Amrita Institute of Medical Sciences and Research Centre
Amrita Lane, Elamakkara PO, Cochin 682026

Dr Sudhindran S MS, FRCS
Consultant G I Surgery

07.09.2022

To whomsoever it may concern

This is to certify that Mr.Syam Sasi (37 years) MRD No: 2460100 is a case of Decompensated Chronic Liver Disease with portal hypertension. He has been admitted here for investigations and found that Liver transplantation is the only life saving measure for him. Hence he is advised to undergo Liver transplantation at the earliest.

Dr. S. Sudhindran

Financially supported Syam Sasi, from Vaduthala, Kochi for Liver transplant Surgery at Lisie Hospital Kochi.

# Financially supported Sahana, from Madurai for Lymphoma treatment at Vadamalayan Hospital Madurai.



Dear Sir / Madam,

I, Meenakshi would like to make a humble appeal. My daughter Sahana aged 25 yrs is undergoing treatment for Hodgkin's Lymphoma at Vadamalayan Hospitals, Madurai.
We are a middle class family and my husband is into agriculture. Sahana is our only daughter. As she was a hard working and bright student we pooled in all our resources to give her a good education. She completed her Masters and got a job , just when things were falling into place fate played a cruel joke and she was diagnosed with cancer. Our world collapsed overnight. But we are being strong for Sahana's sake. Hoping and praying that she would respond positively to the chemo treatment.

Her treatment costs are escalating... She needs 11 more sittings of chemo that includes 6 days of hospital stay & 2 days in day care every month.. For the next few months. As she was ... by medical insurance we are facing a huge financial crunch and unable to ... treatment expenses and her educational loan, as all our reso...


Hence I humbly request you to kindly support us. Your he... quality treatment and restore her life back.
Requesting you to kindly remember her in your daily prayers...

Thank you.. Will be ever grateful for your support. 🙏










# സ്വത്വം...



നവീന പുതിയോട്ടിൽ

പെണ്ണേ,
പറിച്ച് കൊടുക്കരുതേ!
പൂവായ് വിരിയുക,
പൂവായ് കൊഴിയുക...
ഇലയായ് കിളിർക്കുക,
ഇലയായ് കൊഴിയുക...
കായായ് പാകപ്പെടുക,
കനിയായ് വീഴുക...
വിത്തായ് മുളയ്ക്കുക,
മരമായ് ലസിക്കുക...
പെണ്ണേ,
കഴിവതും ചില്ലകളാകാതിരിക്കുക,
കൂർത്ത കൊമ്പുകളാകുക...
ഭൂമിയിൽ തൊട്ട്
ആകാശം മുട്ടി
സ്വയമേ തണലാകുക.



# Lake Huron Medical Center



Cutting-edge treatment for

## Osteoarthritis & Plantar Fasciitis

- Low dose radiation treatment can be used to treat osteoarthritis in hands, knees, hips, and lower back.
- Efficacy rates range from 50% to 90%.
- The treatment course is 6 treatments over the course of two weeks.
- The acute and late toxicity is very limited and most reports list no side effects.
- The treatment requires a consultation with the doctor, a CT scan and the 6 treatments.
- Relief from your osteoarthritis or plantar fasciitis is available.
- Call our experts today to setup an appointment.


## Dr. Simul Parikh, Radiation Oncologist & Cancer Center Director

Dr. Parikh grew up in Macomb County and was an honor student at Sterling Heights Stevenson High School. He completed residency at University of Pittsburgh Medical Center. After working in private practice in Maryland, he joined Banner MD Anderson Cancer Center in Arizona. He was then appointed Medical Director at MultiCare Health in Tacoma, Washington, where he directed three hospital-based cancer centers. While there, he implemented standardization of treatment protocols for multiple cancers and improved quality while streamlining processes in the department.

Because he remained a Michigander at heart, he returned home and was named Cancer Center Director at Lake Huron Medical Center. He aspires to provide University level cancer care to the Blue Water Area Community. **He looks forward to taking care of you.**

Dr. Parikh was nominated by his peers as a Top Doctor of 2022 and featured in the Seattle Magazine, June 2022 issue.

**Call Today!**
**(810) 216-1484**




**Providing Cancer Care to the Blue Water Area for over 40 years.**



# ക്രിസ്മസ് പ്ലം കേക്ക്

Leena John

*കേക്ക് ഇഷ്ടപ്പെടാത്തവരായി ആരുംതന്നെ ഉണ്ടാവില്ല. പ്രത്യേകിച്ച് ഈ ക്രിസ്മസ് സീസണിൽ ആരുടെയും മനസ്സിൽ ആദ്യം ഓർമ്മ വരുന്നതായിരിക്കും നല്ല രുചിയൂറുന്ന ക്രിസ്മസ് കേക്ക്. ഈ ക്രിസ്മസിന് വിരുന്നൊരുക്കാൻ നല്ല രുചിയൂറുന്ന പ്ലം കേക്ക് നിങ്ങൾക്ക് വീട്ടിൽ എളുപ്പത്തിൽ തയാറാക്കാം.*

**Ingredients**

1 cup plain flour Maida or all purpose flour
1/2 cup cashew nuts raw, unsalted, chopped
1/4 cup black raisins
1/2 cup mixed dried fruits dates, cherries, orange peels, etc
1/2 cup white sugar for sugar syrup
3/4 cup white sugar for cake batter
2/3 cup unsalted butter at room temperature
3 eggs
1/2 teaspoon cinnamon powder
1/4 teaspoon clove powder
1 teaspoon baking powder
1 teaspoon vanilla extract
1/4 teaspoon salt

**Instructions**

In a pan on medium heat, melt 1/2 cup sugar slowly.

It will first melt and then turn into a dark brown goop. Keep stirring and let it turn a deep dark caramel color. Don't let it burn. Turn off heat and add about 1/4 cup water. The sugar will harden. Turn the heat back on and slowly heat the mixture until the sugar crystals dissolve. Once done, let it cool and set aside.

Pre-heat oven to 350F / 180C.

Add 3 tablespoon flour to the dry fruits and nuts and dredge completely to coat it. This is so that they don't sink to the bottom of the batter while baking. Set aside.

Mix the remaining flour and baking powder, spices, and salt until well combined.

Beat the butter and 3/4 cup sugar until fluffy - about 10 mins by hand, 3-4 mins with an electric beater. Add vanilla and mix until combined. Next, add 1 egg and beat. Then add a bit of the flour mixture and fold. Likewise, alternate between the eggs and flour mixture until they are both used up. Add the cooled caramel and dredged fruits and gently fold in.

Pour batter into a greased cake pan and smooth the top. Bake for 50-55 mins until the top turns a dark brown and when a skewer inserted into the cake comes out with moist crumbs.

Start checking from 45 mins to see if the cake is done.


The top will look like it's overdone but don't worry, make sure the inside is also completely cooked.

Dust with icing sugar when the cake is completely cooled and serve

Plum cake can be stored at room temperature for 3 days and refrigerated for up to two weeks

*NOTES: The amount of fruits and what type you want to use is entirely up to you. If you plan to ice the cake, reduce sugar by 1/3 cup. This cake is sweet enough on its own.If you don't want to make the sugar syrup for Christmas cake from scratch, you can buy treacle from stores. It's a thick sugar syrup that may also include molasses. Use 1/4 cup in place of the sugar syrup in this recipe. You can replace the cashew nuts with almonds or walnuts too.*


Punjab Indian Cuisine
Taste of Desi Punjabi Dhaba
LIVONIA
THE MOST EXTRAVAGANT INDIAN BUFFET IN TOWN @ $14.99
TUESDAY, WEDNESDAY, THURSDAY
GOURMET DISHES, FRESH NAAN
Phone. 630-398-7356
Address. 36071 Plymouth Rd
Livonia, MI 48150


Your Realtor With Results!
KOSHY GEORGE
RE/MAX Classic Realtor
Cell: (586) 524-8021
Office: (248) 646-5000
koshygeorge@remax.net
www.KoshyGeorge.com
RE/MAX
RE/MAX HALL OF FAME
PLATINUM CLUB AWARD
Children's Miracle Network Hospitals
RE/MAX CLASSIC TOP AGENT
BLOOMFIELD HILLS
HOUR MEDIA Real Estate All-Star
100% CLUB AWARD
MCNE
TOP 5% Realtors Nationwide

# Leave the Driving to SMART!

**SMART reimagined what riding a bus could be, and created a new reality. Welcome to FAST. *Frequent, Affordable, Safe, Transit* with limited-stop service on Woodward, Gratiot, and Michigan Avenues.**

**FAST**

*Frequent. Affordable. Safe. Transit.*

powered by RIDE SMART

**Grab a seat and get going @ RideSMART-*FAST*.org**




**Download**

RideSMARTbus App

Transit App

**Follow Us on**

**(866) 962-5515** M-F 6:30 a.m. to 6:00 p.m. Sat 7:30 a.m. to 4:00 p.m. / **RideSMART-*FAST*.org**